# വാഴൂർ ഗ്രാമപഞ്ചായത്ത്

## 14–ാം പഞ്ചവത്സര പദ്ധതി

## 2022 – 2027

# വികസന രേഖ

## നവകേരളത്തിന് ജനകീയാസൂത്രണം

# ആമുഖം

ബഹുമാന്യരേ,

**അ**ധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിൽ ആവിഷ്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയായ ഘട്ടത്തിലാണ് നാം പതിനാലാം പഞ്ചവത്സര പദ്ധതിയ്ക്ക് തുടക്കം കുറിക്കുന്നത്. പ്രവർത്തനക്ഷമത ഗണ്യമാക്കി വർദ്ധിക്കുന്നതിനും വൈവിധ്യമാർന്ന ക്ഷേമ സേവന-വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള പ്രാപ്തി 25 വർഷത്തെ വികേന്ദ്രീകാസൂത്രണ പ്രക്രിയയുടെ അനുഭവ പരിചയത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കൈവരിച്ചു കഴിഞ്ഞു.

കേരളത്തിന്റെ വികസനത്തിനും വിവിധ വികസന സൂചികകളിൽ ദേശീയ തലത്തിൽ പ്രഥമ സ്ഥാനം ലഭിക്കുന്നതിനും പ്രധാന കാരണങ്ങളിലൊന്ന് പ്രാദേശിക ആസൂത്രണത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പുലർത്തുന്ന നിഷ്ഠയും മികവുമാണ്. പ്രളയവും പ്രകൃതിക്ഷോഭവും കോവിഡുമുൾപ്പെടെയുള്ള പ്രതിസന്ധികളെ നാം നേരിട്ടത് ആർജ്ജവത്തോടെയുള്ള സംസ്ഥാന സർക്കാരിന്റെ ഇടപ്പെടലുകൾക്കൊപ്പം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചതുമാണ്.

സംസ്ഥാനത്തിന്റെ സുസ്ഥിരമായ വികസനമാണ് പതിനാലാം പദ്ധതിയിലൂടെ കേരള സർക്കാർ വിഭാവന ചെയ്യുന്നത്. സാമൂഹിക വികസന രംഗത്ത് നാം ആർജിച്ച നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിന് സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉറപ്പു വരുത്തേണ്ടതുണ്ട്. തൊഴിൽ അവസരങ്ങളുടെ സൃഷ്ടി, പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണം ഒഴിവാക്കൽ, സുസ്ഥിര വികസനം, കാലാവസ്ഥാ വ്യതിയാനങ്ങളുടെ ഫലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുവാനുള്ള കഴിവുകൾ ആർജിക്കുവാൻ സമൂഹത്തെ സഹായിക്കൽ, തുടങ്ങിയവ പതിനാലാം പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾകൊള്ളുന്ന വികസനമാണ് നാം ലക്ഷ്യമാക്കുന്നത് എല്ലാവരുടേയും മൗലീകാവകാശങ്ങളുടെ സംരക്ഷണം, സമഗ്രമായ സാമൂഹിക സുരക്ഷ, ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണ്ണമായ മോചനം, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ ആധുനികവും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതിക വിദ്യയുടെ ഉപയോഗം, മാലിന്യ നിർമ്മാർജനം, തൊഴിൽ ഉപജീവനം, സുരക്ഷ എന്നീ വികസന ലക്ഷ്യങ്ങളിലൂടെ വികസന പ്രക്രിയയിൽ ഒരാളും ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കിയുള്ള വികസനമാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കാതൽ. സമഗ്രമായ വികസന ഇടപെടലിലൂടെ കേരളീയരുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുകയും അതുവഴി സംതൃപ്തവും സന്തോഷകരവുമായ ജീവിതം നയിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും

ചെയ്യുക എന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആത്യന്തിക ലക്ഷ്യമാണ്.

മേൽപറഞ്ഞ ലക്ഷ്യങ്ങൾ നേടുവാൻ സംസ്ഥാന സർക്കാരിനൊപ്പം തദ്ദേശ ഭരണ സ്ഥാപനങ്ങളും കഴിഞ്ഞ വർഷങ്ങളിലേതുപോലെ ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടതുണ്ട്. നവകേരള കർമ്മ പദ്ധതി 2022 ന്റെ ഭാഗമായി ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ വികസന ദൗത്യങ്ങൾ ഏകോപിപ്പിക്കേണ്ടത് തദ്ദേശ ഭരണ സ്ഥാപന തലത്തിലാണ്.

മികച്ച അടിസ്ഥാന പശ്ചാത്തല സൗകര്യം, കാര്യക്ഷമമായ ശുചിത്വ, മാലിന്യ സംസ്കരണ പദ്ധതികൾ മെച്ചപ്പെട്ട വിദ്യാഭ്യാസ മേഖല. സമഗ്ര  ആരോഗ്യ സംരക്ഷണ പരിപാടി, ലിംഗ സമത്വത്തിലൂന്നിയുള്ള വികസന പ്രവർത്തനം, അതിദാരിദ്ര നിർമ്മാർജ്ജനം, വാതിൽപടി സേവനം, കായിക ക്ഷമതയുള്ള യുവത്വം, വിനോദ - വിജ്ഞാന -സാംസ്കാരിക ഉത്സവങ്ങൾ ഇവയ്ക്ക് മുൻതൂക്കം നൽകിയുള്ള പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നതിനാണ് വാഴൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി ആഗ്രഹിക്കുന്നത്.

അഴിമതി രഹിതമായ സദ്ഭരണത്തിലൂടെയും ജനപങ്കാളിത്തം വർദ്ധിപ്പിച്ച് സുതാര്യത ഉറപ്പാക്കിയും മുന്നേറാൻ ഓരോ വ്യക്തികളുടേയും സഹകരണം അഭ്യർത്ഥിച്ച് ഈ വികസന രേഖ എല്ലാവരുടേയും അറിവിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ് | ഒപ്പ്

**ഗീത മേരി മാമ്മൻ** | **വി. പി. റെജി**

സെക്രട്ടറി | പ്രസിഡന്റ്

# അദ്ധ്യായം 1

# വാഴൂർ ഗ്രാമപഞ്ചായത്ത്

## പൊതു വിവരണം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | വാഴൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | വാഴൂർ, കങ്ങഴ (ഭാഗികം) |
| വിസ്തൃതി | : | 30 ച. കിലോമീറ്റർ |
| അതിരുകൾ | | |
| കിഴക്ക് | : | ചിറക്കടവ്, എലിക്കുളം പഞ്ചായത്തുകൾ |
| തെക്ക് | : | ചിറക്കടവ്, വെള്ളാവൂർ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | കങ്ങഴ, നെടുംകുന്നം, പാമ്പാടി പഞ്ചായത്തുകൾ |
| വടക്ക് | : | പള്ളിക്കത്തോട്, കൂരോപ്പട പഞ്ചായത്തുകൾ |
| ആകെ വാർഡുകൾ | : | 16 |
| ബ്ലോക്കു പഞ്ചായത്ത് | : | വാഴൂർ |
| ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| താലൂക്ക് | : | ചങ്ങനാശ്ശേരി |
| അസംബ്ലി മണ്ഡലം | : | കാഞ്ഞിരപ്പള്ളി |
| പാർലമെന്റ് മണ്ഡലം | : | പത്തനംതിട്ട |
| കോളേജ് | : | ശ്രീ വിദ്യാധിരാജ എൻ.എസ്.എസ് കോളേജ് തീർത്ഥപാദപുരം |
| ഹയർ സെക്കണ്ടറി സ്കൂളുകൾ | : | ശ്രീവിദ്യാധിരാജ വിലാസം എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂൾ, ടി.പി. പുരം |
| | : | ഏദൻ പബ്ലിക് സ്കൂൾ, വാഴൂർ ഈസ്റ്റ് |
| | : | വിദ്യാനന്ദ വിദ്യാഭവൻ, കൊടുങ്ങൂർ |
| ഹൈസ്കൂളുകൾ | : | ഗവ. ഹൈസ്കൂൾ, കൊടുങ്ങൂർ, വാഴൂർ |
| | : | സെന്റ് പോൾസ് ഹൈസ്കൂൾ, പുളിക്കൽകവല |
| | : | ഹോളി ഫാമിലി സ്കൂൾ , ഇളങ്ങോയി |
| യു.പി. സ്കൂൾ | : | സെന്റ് ജോർജ്ജ് യു.പി. സ്കൂൾ, പനമ്പുന്ന വാഴൂർ ഈസ്റ്റ് |
| | | യു.പി. സ്കൂൾ ഉള്ളായം |

| | |
|---|---|
| | : ഹോളിഫാമിലി യു.പി. സ്കൂൾ, ഇളങ്ങോയി |
| എൽ.പി. സ്കൂൾ | : ഗവ. എൽ.പി.ജി. സ്കൂൾ, തേക്കാനം |
| | : ഗവ. എൻ.എസ്.എസ്.എൽ.പി.എസ്. ചാമംപതാൽ |
| | : എസ്.എ.എൽ.പി.എസ്. ഉള്ളായം |
| | : സെന്റ് മേരീസ് എൽ.പി. സ്കൂൾ, 19-ാംമൈൽ, |
| | : സെന്റ് പീറ്റേഴ്സ് എൽ.പി. സ്കൂൾ പുളിക്കൽക്കവല |
| | : ഷൺമുഖവിലാസം ഗവ.എൽ.പി.സ്കൂൾ, കാനം |
| | : സെന്റ് മേരീസ് എൽ.പി. സ്കൂൾ, പുളിക്കൽകവല |
| | : വിദ്യാനികേതൻ എൽ.പി. എസ്. 15-ാം മൈൽ |
| | : പുഷ്പാരം എൽ.പി.എസ്. ചാമംപതാൽ |
| | : സി. എം. എസ്. എൽ. പി.എസ്, കാനം |
| സർക്കാർ ഓഫീസുകൾ | : ഗവ. പ്രസ്സ് വാഴൂർ |
| | : പി.ഡബ്ല്യു.ഡി. റോഡ് സെക്ഷൻ, വാഴൂർ |
| | : ബ്ലോക്ക് പഞ്ചായത്താഫീസ്, വാഴൂർ |
| | : വില്ലേജ് ആഫീസ്, വാഴൂർ |
| | : സീനിയർ മൃഗാശുപത്രി, വാഴൂർ |
| | : സാമൂഹികക്ഷേമ ഓഫീസ് (ഐ.സി.ഡി.എസ്.) വാഴൂർ |
| | : പ്രാഥമിക ആരോഗ്യകേന്ദ്രം, വാഴൂർ |
| | : സബ്.രജിസ്ട്രാർ ഓഫീസ് , വാഴൂർ |
| | : കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്, വാഴൂർ |
| | : കൃഷിഭവൻ, പുളിക്കൽകവല |
| | : ആയുർവ്വേദ ഡിസ്പെൻസറി, വാഴൂർ |
| | : ഹോമിയോ ഡിസ്പെൻസറി, വാഴൂർ |
| | : എൽ.എസ്.ജി.ഡി.എ.ഇ. ഓഫീസ്, വാഴൂർ |
| | : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, വാഴൂർ |
| | : മാവേലി സ്റ്റോർ, കൊടുങ്ങൂർ |
| | : പോസ്റ്റോഫീസ്, വാഴൂർ |
| | " പുളിക്കൽകവല |
| | " കാഞ്ഞിരപ്പാറ |
| | " ചാമംപതാൽ |
| | " തീർത്ഥപാദപുരം |

ധനകാര്യസ്ഥാപനങ്ങൾ : കെ.എസ്.എഫ്.ഇ. വാഴൂർ

: ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക്
പുളിക്കൽകവല, 2456282

ശാഖകൾ: ചാമംപതാൽ 2456283
കൊടുങ്ങൂർ 2456284
കാനം 2456285
വാഴൂർ ഈസ്റ്റ് 04828-221659
പ്രഭാത സായാഹ്നം, കൊടുങ്ങൂർ
2456521

: സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊടുങ്ങൂർ
: എസ്.ബി.ഐ. കൊടുങ്ങൂർ
: എസ്.ബി.ഐ. കങ്ങഴ
: മുത്തൂറ്റ് ഫിനാൻസ് , കൊടുങ്ങൂർ
: മുത്തൂറ്റ് ഫിൻകോർപ്പ്, പുളിക്കൽകവല
: മണപ്പുറം ഫിനാൻസ്
: കൊശമറ്റം ഫിനാൻസ്
: എസ്.ബി. ഐ. ചാമംപതാൽ
: എസ്.ബി. ഐ. പുളിക്കൽകവല
: കാനറാ ബാങ്ക് പുളിക്കൽകവല
: ചങ്ങനാശ്ശേരി താലൂക്ക് കാർഷിക ഗ്രാമവികസന
ബാങ്ക് കൊടുങ്ങൂർ
: ജില്ലാ സഹകരണബാങ്ക് ചാമംപതാൽ
: പെൻഷണേഴ്സ് ആന്റ് ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ്
സൊസൈറ്റി കൊടുങ്ങൂർ
: ഗ്രാമീൺ ബാങ്ക്, കൊടുങ്ങൂർ
: ഫെഡറൽ ബാങ്ക്, പുളിക്കൽകവല

അങ്കണവാടികൾ : എരുമത്തല, പ്ലാക്കൽകുന്ന്, കാഞ്ഞിരപ്പാറ,
കോളനി, നെടുമാവ്, 15-ാം മൈൽ, പാണപുഴ,
17-ാം മൈൽ, കാക്കാംതോട്, 18-ാം മൈൽ,
തെക്കാനിക്കാട്, ശാസ്താംകാവ്, കോളേജ്പടി,
തേക്കാനം, പാറയിൽ കോളനി, ചാമംപതാൽ,
ബ്ലോക്കുപടി, ഉള്ളായം, വെള്ളാറപ്പള്ളി,
ചാമംപതാൽ എസ്.ബി.ടി., മൈലാടുപാറ,

| | | |
|---|---|---|
| | | കൗന്നിലം, നന്തിയാട്ട് പടി, കൊടുങ്ങൂർ,<br>കോട്ടേപ്പടവ് |
| പി.എച്ച് സബ് സെന്ററുകൾ | : | കൊടുങ്ങൂർ, കാപ്പുകാട്, (പനമ്പുന്ന)തെക്കാനിക്കാട്,<br>ഇളങ്ങായി |
| ആയുർവ്വേദ സബ് സെന്ററുകൾ | : | കീച്ചേരിപ്പടി, 17-ാം മൈൽ |
| സ്വകാര്യ ആശുപത്രികൾ | : | തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രി<br>(സായ്പിന്റെ ആശുപത്രി) കൊടുങ്ങൂർ,<br>ഹോളിഫാമിലി ഹോസ്പിറ്റൽ പുളിക്കൽകവല,<br>ക്രിസ്തുരാജ് ഹോസ്പിറ്റൽ 15-ാം മൈൽ |
| വായനശാലകൾ | : | പഞ്ചായത്ത് ലൈബ്രറി കൊടുങ്ങൂർ<br>നോവൽറ്റി ക്ലബ്ബ് & റീഡിംഗ് റൂം, പുളിക്കൽകവല<br>ജനത ക്ലബ്ബ് & റീഡിംഗ് റൂം, 17-ാം മൈൽ<br>സഹൃദയ വായനശാല, 18-ാം മൈൽ<br>യംഗ്മെന്റ്സ് റീഡിംഗ് റൂം, ചെങ്കൽപ്പള്ളി<br>എൻ.ജി.പി. മെമ്മോറിയൽ ലൈബ്രറി, റ്റി.പി. പുരം<br>കർഷക ഗ്രന്ഥശാല, ഇളങ്ങോയി<br>ഗ്രാമോദ്ധാരണ വായനശാല, കാനം |
| കുടുംബശ്രീകൾ | : | 234 |

# സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക സ്ഥിതി

"വാഴ്‌വിന്റെ ഊര്" (ഐശ്വര്യത്തിന്റെ നാട്) വാഴൂർ എന്ന ഗ്രാമം ഇന്ന് കേരളത്തിലെ പ്രധാനപ്പെട്ട ഒരു ഗ്രാമപഞ്ചായത്താണ്. വാഴൂർ ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് സ്ഥിതി ചെയ്യുന്നത് ഇവിടെയുള്ള പ്രസിദ്ധമായ കൊടുങ്ങൂർ ദേവീക്ഷേത്രത്തിനടുത്താണ്. കോട്ടയം ജില്ലാ പഞ്ചായത്തിൽ ഉൾപ്പെടുന്ന വാഴൂർ ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ടതാണ് വാഴൂർ ഗ്രാമപഞ്ചായത്ത്.

1749-ൽ മാർത്താണ്ഡവർമ്മ തെക്കുംകൂർ പിടിച്ചടക്കിയതോടെ ഭൂമിയുടെ കണ്ടെഴുത്തു നടത്തി ഉടമസ്ഥതയെക്കുറിച്ച് പൂർണ്ണവിവരങ്ങൾ അടങ്ങുന്ന രേഖ തയ്യാറാക്കി. അന്നത്തെ പ്രധാന സുഗന്ധവിളകളായ കുരുമുളക് തോട്ടങ്ങൾക്ക് സംരക്ഷണം ഏർപ്പെടുത്തി. എ.ഡി. 1300 കാലം മുതലേ നിലയ്ക്കൽ ഭാഗത്തുനിന്നും ഈ പ്രദേശത്തേക്ക് കുടിയേറ്റം ആരംഭിച്ചിരുന്നു.

1850 കാലഘട്ടത്തിൽ ക്രിസ്ത്യൻ മിഷനറിമാർ ഇവിടെ കുടിയേറി. ഈ ക്രിസ്ത്യൻ കുടിയേറ്റക്കാരാണ് കാടുകൾ തെളിച്ച് കൃഷി ചെയ്തു നാടാക്കിയവരിൽ പ്രധാനികൾ. കൃഷിയുടെ വ്യാപനത്തോടെ പിന്നീട് പുതുപ്പള്ളി, പൂഞ്ഞാർ, പാലാ, മണർകാട്, വൈക്കം, കല്ലൂപ്പാറ, തുമ്പമൺ, കായംകുളം മുതലായ സ്ഥലങ്ങളിൽ നിന്നും ആളുകൾ ഇവിടെ സ്ഥലം വാങ്ങി സ്ഥിരതാമസക്കാരായി. ഇന്നാട്ടിലെ നല്ലവരും സംസ്ക്കാര സമ്പന്നരും, ഉദാരമതികളുമായ ഹിന്ദുക്കൾ ദൂരെ സ്ഥലങ്ങളിൽ നിന്നെത്തിയ ഇവർക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും സഹായസഹകരണങ്ങളും നൽകി.

കണ്ണൻ ദേവൻ ഹിൽ പ്രൊഡ്യൂസ് കമ്പനിയുടെ ആവിർഭാവത്തോടെ ബ്രിട്ടീഷ് ഭരണകാലത്ത് 1840-ൽ കോട്ടയം - കുമളി റോഡിന്റെ സർവ്വേ ആരംഭിച്ചു. 1860-ൽ തിരുവിതാംകൂർ പൊതുമരാമത്ത് വകുപ്പ് സ്ഥാപിതമായി. അക്കാലത്ത് തിരുവിതാംകൂറിൽ രാജഭരണം നടത്തിയിരുന്നത് റാണി ഗൗരിലക്ഷ്മി പാർവ്വതിഭായി ആയിരുന്നു. 1863-ൽ റോഡുനിർമ്മാണം പൂർത്തീകരിക്കപ്പെടുകയും അത് വാഴൂരിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുകയും ചെയ്യുന്നു.

1864-ൽ ചങ്ങനാശ്ശേരി റോഡും, ശേഷം കൊടുങ്ങൂർ പുലിയന്നൂർ റോഡും നിർമ്മിക്കപ്പെട്ടു. അന്ന് കെ.കെ. റോഡിൽ കൂടി പോകുന്ന പോത്തുവണ്ടികളും, വില്ലുവണ്ടികളും, പിന്നീട് വന്ന ഇതരവാഹനങ്ങളും, വല്ലപ്പോഴും ഇതുവഴി കുതിരപ്പുറത്തു വന്നുപോകുന്ന സായിപ്പന്മാരും, മദാമ്മമാരും ഇവിടുത്തെ ബാലികാ ബാലന്മാർക്ക് ഹരമായിരുന്നു.

പിന്നീട് യശഃശ്ശരീരനായ മങ്ങാട് ഗോവിന്ദപ്പിള്ളയുടെയും മററും പരിശ്രമഫല

മായി കൊടുങ്ങൂർ-മണിമല റോഡ് നിർമ്മിക്കപ്പെട്ടു. സ്വാതന്ത്ര്യലബ്ധിക്കുശേഷം യശ്ശ:ശരീരനായ വാഴൂരിന്റെ പുത്രൻ പി.റ്റി.ചാക്കോ മന്ത്രിയായിരിക്കെ, അദ്ദേഹത്തിന്റെ ശ്രമഫലമായി കാഞ്ഞിരപ്പള്ളി-കാനം-ചാമംപതാൽ-തെക്കേത്തുകവല റോഡ് നിർമ്മിക്കപ്പെട്ടു. ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുകയും, കൃഷി മുഖ്യതൊഴിലായി വളർന്നപ്പോഴുണ്ടായ കാർഷിക സംസ്ക്കാരവും ഒത്തുചേർന്ന് കൊടുങ്ങൂർ-പുളിക്കൽകവല -ചാമംപതാൽ എന്നീ പ്രദേശങ്ങൾ ചെറിയ ടൗണുകളായി രൂപാന്തരപ്പെട്ടു. കൊടുങ്ങൂർ -വാഴൂർ പഞ്ചായത്തിന്റെ സിരാകേന്ദ്രവുമായി.

**സാക്ഷരതയിൽ** വാഴൂർ ഗ്രാമപഞ്ചായത്ത് പ്രദേശം മുൻപന്തിയിലാണ്. രാഷ്ട്രീയ സാംസ്ക്കാരിക നായകന്മാർ, ശാസ്ത്രജ്ഞന്മാർ, എഞ്ചിനീയർമാർ, ജഡ്ജിമാർ, അഭിഭാഷകർ, നിയമപാലകർ, ഡോക്ടർമാർ, പത്രപ്രവർത്തകർ, അദ്ധ്യാപകർ, കർഷകർ, സന്യാസി ശ്രേഷ്ഠന്മാർ തുടങ്ങി എല്ലാ മണ്ഡലങ്ങളിലും ഉന്നതന്മാരായ ആളുകൾ കേരളത്തിനകത്തും പുറത്തും വിദേശങ്ങളിലുമായി ജോലി ചെയ്യുന്നു. പത്താംതരംതുല്യത ഉൾപ്പെടെയുള്ള സാക്ഷരതാ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സാക്ഷരതാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

**ഗ്രാമപഞ്ചായത്ത് :-**

1953 ൽ വാഴൂർ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നു. ശ്രീ. പി.റ്റി. വർക്കി പുന്നാട്ട് ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്. അതിനുശേഷം ശ്രീ. കെ.ജെ. ഫിലിപ്പ് കല്ലറക്കൽ, ശ്രീ. ഗോവിന്ദൻനായർ പനച്ചിക്കൽ, ശ്രീ. റ്റി.എം. മാത്യു താന്നമംഗലം, ശ്രീ. ജോസഫ് സ്കറിയ തഴയ്ക്കമറ്റം, ശ്രീ. ബാബു തോമസ് വെട്ടുവേലിൽ, ശ്രീ.തോമസ് മൈലാങ്കൽ, ശ്രീ. പി.റ്റി. തോമസ് പുന്നാട്ട്, ശ്രീമതി തങ്കമ്മ അലക്സ് കരുനാട്ട്, ശ്രീമതി ഓമന അരവിന്ദാക്ഷൻ ഈട്ടിക്കൽ, ശ്രീ. ടി.കെ. സുരേഷ്കുമാർ, അംബികാ വിലാസം, പ്രസാദ് മറ്റത്തിൽ, ശ്രീ. ജോസ് കെ.ചെറിയാൻ അരീക്കൽ, ശ്രീ. തോമസ് വെട്ടുവേലിൽ, പ്രൊഫ. പുഷ്ക്കലാദേവി, എന്നിവർ പ്രസിഡന്റുമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വി. പി. റെജി ആണ് ഇപ്പോഴത്തെ പ്രസിഡന്റ്.

**ജനസംഖ്യ :-**

2017 മാർച്ച് മാസത്തെ കണക്കനുസരിച്ച് 30 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വാഴൂർ ഗ്രാമപഞ്ചായത്തിൽ 12273 പുരുഷന്മാരും, 12896 സ്ത്രീകളും ഉൾപ്പെടെ ജനസംഖ്യ 25169 ആണ്. എസ്.സി. വിഭാഗത്തിൽ 1775 ഉം എസ്.ടി. വിഭാഗത്തിൽ 95 പേരുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

## പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ :-

വിവിധ പഞ്ചവത്സരപദ്ധതികളിലൂടെ സമസ്ത മേഖലകളിലും ക്രമാനുഗതമായ പുരോഗതിയാണ് നാം കൈവരിച്ചിരിക്കുന്നത്. ഇതിന്റെ പ്രതിഫലനം നമ്മുടെ പഞ്ചായത്തിലും ദൃശ്യമാണ്. പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ ജനങ്ങൾക്കും പ്രത്യേകിച്ച് താഴ്ന്ന വരുമാനക്കാരായ ആളുകൾക്ക് അവരുടെ അടിസ്ഥാന സൗകര്യ വികസനത്തിനും സാമ്പത്തിക ഉന്നതിക്കും അതുവഴി മെച്ചപ്പെട്ട ജീവിതനിലവാരത്തിന് ഉതകുന്ന നിരവധി പദ്ധതികൾ നാം കാലാകാലങ്ങളിൽ നടപ്പിലാക്കുകയും അവയൊക്കെതന്നെ വിജയകരമായി പൂർത്തിയാക്കുകയും ചെയ്ത ഒരു ചരിത്രമാണ് നമുക്കുള്ളത്.

കൊടുങ്ങൂരിന്റെ ഹൃദയഭാഗത്ത് 59 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽ നിന്ന് വാങ്ങാൻ പഞ്ചായത്തിന് കഴിഞ്ഞത് പഞ്ചായത്തിന്റെ വലിയ നേട്ടങ്ങളിൽ ഒന്നാണ്. ഈ സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ മൂന്നാം നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പഞ്ചായത്ത് ഓഫീസ് ഇപ്പോൾ പുതിയതായി നിർമ്മിച്ച 3 നില കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എഞ്ചിനീയറിംഗ് വിഭാഗം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, ഐ. സി. ഡി. എസ് സൂപ്പർവൈസർ ഓഫീസ് തുടങ്ങിയവയും പുതിയ കെട്ടിയത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് ഓഫീസ് പരിസരത്തെ അനുബന്ധ കെട്ടിടത്തിൽ ഹോമിയോ ഡിസ്പെൻസറി, കുടുംബശ്രീ ഓഫീസ്, ഹെൽത്ത് സബ് സെന്റർ, ഗ്രാമപഞ്ചായത്ത് ലൈബ്രറി, തൊഴിലുറപ്പ് പദ്ധതി വിഭാഗം എന്നിവയും പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ പ്രത്യേക പദ്ധതിയായ മഞ്ചാടി കൂടാരത്തിന്റെ റീജിയണൽ സെന്ററും ജനകീയ ഹോട്ടലും ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന കമ്മ്യൂണിറ്റി ഹാളിന് കാലപ്പഴക്കത്താൽ സംഭവിച്ചിട്ടുള്ള ജീർണ്ണതകൾ പരിഹരിച്ച് ആധുനിക നിലവാരത്തിലേക്ക് ഉയർത്തേണ്ടതുണ്ട്.

ചാമംപതാൽ ജംഗ്ഷനിൽ വാങ്ങിയിട്ടുള്ള 45 സെന്റ് സ്ഥലത്ത് ഒരു മിനി സ്റ്റേഡിയം നമുക്കുണ്ട്. ഇവിടെ ഒരു മനോഹരമായ കളിക്കളം നിർമ്മിക്കേണ്ടതുണ്ട്. പുളിക്കൽകവലയിൽ വാങ്ങിയിട്ടുള്ള സ്ഥലത്ത് അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു വോളീബോൾ കോർട്ട് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കാമെന്ന് എം. എൽ. എ ഉറപ്പ് നൽകിയിട്ടുണ്ട്. ചാമംപതാൽ ആയുർവ്വേദ ആശുപത്രിക്കുവേണ്ടി പൊതുജന സഹകരണത്തോടെ വാങ്ങിയ സ്ഥലത്ത് കെട്ടിട നവീകരണത്തിന് സംസ്ഥാന സർക്കാരിന്റെ സഹായം ലഭിക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നുണ്ട്. കിടത്തി ചികിത്സ സംവിധാനമുള്ള ആയുർവ്വേദ ആശുപത്രിയാക്കി ഉയർത്തുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് ഈ വർഷം പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

**വിദ്യാഭ്യാസം :-**

വികേന്ദ്രീകൃതാസൂത്രണം ആരംഭിച്ചതിനുശേഷം, വിദ്യാഭ്യാസ രംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെ നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇന്ന് 'നാക്' അംഗീകാരം ലഭിച്ച ഒരു കോളേജും 2 ഹയർ സെക്കണ്ടറി സ്കൂളുകളും 3 ഹൈസ്കൂളുകളും 5 യു. പി. സ്കൂളുകളും 10 എൽ.പി. സ്കൂളുകളും 23 അംഗൻവാടികളും, 4 നിലത്തെഴുത്ത് കളരികളും, 8 വായനശാലകളും നിരവധി ക്ലബ്ബുകളും നമ്മുടെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

തീർത്ഥപാദപുരത്തുള്ള ശ്രീ വിദ്യാനന്ദ തീർത്ഥപാദാശ്രമം ആത്മീയ വിദ്യാഭ്യാസത്തിന്റെ വിജ്ഞാന ക്ഷേത്രമാണ്. ആത്മീയ ഗുരുവായ ശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ ദീർഘകാലം വസിച്ചിരുന്ന ഈ ആശ്രമത്തിലെ പ്രശസ്ത സംസ്കൃത പണ്ഡിതന്മാരുടെ ശിക്ഷ്യത്വത്തിൽ മറ്റ് അനേകം പണ്ഡിതന്മാരും അഭ്യാസനവും ഗവേഷണങ്ങളും നടത്തിയിട്ടുള്ളതിന് തെളിവുകളുണ്ട്.

**ക്ഷേത്രങ്ങൾ :-**

ദേവസ്വം ബോർഡിന്റെ ഭരണത്തിൻ കീഴിലുള്ള ചരിത്രപ്രസിദ്ധമായ കൊടുങ്ങൂർ ദേവീക്ഷേത്രം, വാഴൂരിന്റെ ഹൃദയഭാഗമായ കൊടുങ്ങൂരിൽ സ്ഥിതി ചെയ്യുന്നു. മീനമാസത്തിലെ പൂരം നക്ഷത്രത്തിനാണ് ഇവിടുത്തെ ആറാട്ട്. മറ്റൊരു പ്രധാന ക്ഷേത്രമാണ് വെട്ടിക്കാട്ട് ശ്രീധർമ്മശാസ്താക്ഷേത്രം, തീർത്ഥപാദപുരത്തുള്ള ഭഗവതിക്കാവ് ഉൾപ്പെടെ ഈ ക്ഷേത്രങ്ങളെല്ലാം ശബരിമല തീർത്ഥാടകരുടെ ഒരു ഇടത്താവളമാണ്. വാഴൂർ തീർത്ഥപാദാശ്രമവുമായി ബന്ധപ്പെട്ട് ശ്രീ മുരുകന്റെ ഒരു ക്ഷേത്രം, പുളിക്കൽ കവലയിൽ സ്ഥിതി ചെയ്യുന്ന അയ്യപ്പ സേവാസംഘത്തിന്റെ ഭരണത്തിൻ കീഴിലുള്ള ശ്രീകൃഷ്ണസ്വാമിക്ഷേത്രം, വാഴൂരിലെ വിശ്വകർമ്മസമുദായത്തിലെ പ്രസിദ്ധമായ കരിനിലത്ത് കുടുംബഭരണത്തിലുള്ള കൊടുങ്ങൂർ രുദ്രഭയങ്കരി ദേവീക്ഷേത്രം, മോതിരപ്പള്ളി കുടുംബത്തിന്റെ നിയന്ത്രണത്തിലുള്ള ശ്രീ ഭുവനേശ്വരി ദേവീക്ഷേത്രം, ചാമംപതാൽ ശ്രീ ധർമ്മശാസ്ത്രക്ഷേത്രം, ഇലഞ്ഞിക്കൽ വീരഭദ്രസ്വാമി ക്ഷേത്രം, കാനം ശ്രീ ധർമ്മശാസ്താക്ഷേത്രം എന്നിവ എടുത്ത പറയേണ്ട അമ്പലങ്ങളിൽ ചിലതാണ്.

**മുസ്ലീം ആരാധനാലയങ്ങൾ :-**

ചാമംപതാലിലുള്ള മുസ്ലീം പള്ളിക്ക് നൂറിലധികം വർഷങ്ങളുടെ പഴക്കമുണ്ട്. 1999 ലാണ് ടി പള്ളിയുടെ പുനരുദ്ധാരണം നടന്നത്. കൂടാതെ കല്ലുതെക്കേൽ ഭാഗത്തും കൊടുങ്ങൂരും ഓരോ തൈക്കാവുകളുമുണ്ട്. മുസ്ലീങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളും ഇവിടെ പ്രവർത്തി

ക്കുന്നുണ്ട്.

## ക്രൈസ്തവ ദേവാലയങ്ങൾ :-

സി.എസ്.ഐ. പള്ളി കാനം, സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് ചർച്ച് പൂളിക്കൽകവല, മലങ്കര കത്തോലിക്ക ചർച്ച് നെടുമാവ്, സി.എസ്.ഐ.പള്ളി കൊടുങ്ങൂർ, സെന്റ് മേരീസ് കാത്തലിക് പള്ളി പൂളിക്കൽകവല, സെന്റ് ഇഗ്നേഷ്യസ് പള്ളി കാഞ്ഞിരപ്പാറ, ഹോളി ക്രോസ് ചർച്ച് ഇളങ്ങോയി, ചെങ്കൽപള്ളി വാഴൂർ ഈസ്റ്റ് തുടങ്ങിയവ ഇവിടുത്തെ ക്രിസ്തീയ ദേവാലയങ്ങളാണ്.

സെന്റ് ജോർജ്ജ് യാക്കോബായ പള്ളി നെടുമാവ്, സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് കാനം, ഫാത്തിമ മാതാ ചർച്ച് ചാമംപതാൽ, സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് കന്നുകുഴി, സെന്റ് ജോർജ്ജ് യാക്കോബായ ചർച്ച് ഉള്ളായം, സെന്റ് ജോർജ്ജ് മാർത്തോമ ചർച്ച് 18-ാം മൈൽ, സെന്റ് മേരീസ് ചർച്ച് 19-ാം മൈൽ, സെന്റ് ജൂഡ് സി.എം.എസ്. ആംഗ്ലിക്കൻ ചർച്ച്, ടി.പി. പുരം തുടങ്ങിയവ ഇവിടുത്തെ പ്രധാന ക്രൈസ്തവ ആരാധനാലയങ്ങളാണ്.

## ആരോഗ്യരംഗം :-

കേരള സർക്കാർ കഴിഞ്ഞ 6 വർഷമായി പൊതുജനാരോഗ്യരംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ പൊതു ആരോഗ്യ സംവിധാനങ്ങളുടെ കാര്യക്ഷമത വലിയതോതിൽ വർദ്ധിപ്പിക്കുവാൻ സഹായകരമായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി ഇടപെടൽ നടത്തിയതോടെ ആരോഗ്യരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്. കുറഞ്ഞ ജനന മരണ നിരക്കുകൾ, കുറഞ്ഞ മാതൃമരണനിരക്കും ശിശുമരണ നിരക്കും, ഉയർന്ന ആയുർദൈർഘ്യം, ഉയർന്ന സാമൂഹ്യ വികസന സൂചിക (ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ്) ഉയർന്ന സാക്ഷരത, ഉയർന്ന കുടുംബാസൂത്രണനിരക്ക്, ആഗോള ശ്രദ്ധ നേടിയ പാലിയേറ്റീവ് പദ്ധതിപോലുള്ള മാതൃകകളൊക്കെ നമ്മുടെ നേട്ടങ്ങളാണ്. 65 കിടപ്പുരോഗികൾക്ക് സാന്ത്വനപരിചരണം നൽകാൻ നമുക്ക് കഴിയുന്നുണ്ട്. 72 ക്യാൻസർ രോഗികളെയും സാന്ത്വന പരിചരണത്തിൽ കൊണ്ടുവരാനുള്ള പ്രയത്നം നടന്നുകൊണ്ടിരിക്കുന്നു. പാലിയേറ്റീവ് രോഗി സംഗമങ്ങൾ നടത്തിപ്പോരുന്നു.

ഇന്ന് വാഴൂർ പഞ്ചായത്തിൽ സർക്കാർ തലത്തിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറിയും, രണ്ട് ഉപകേന്ദ്രങ്ങളും ഒരു കുടുംബാരോഗ്യകേന്ദ്രവും നാല് ഉപകേന്ദ്രങ്ങളും ഉണ്ട്. നന്നായി പ്രവർത്തിക്കുന്ന ഒരു പഞ്ചായത്ത്തല ഹോമിയോ ഡിസ്പെൻസറിയും സ്വകാര്യമേഖലയിൽ അലോപ്പതി ക്ലിനിക്കുകളും ആശുപത്രികളു

മായി വിവിധ സ്ഥാപനങ്ങൾ, സ്വകാര്യ ഹോമിയോ ക്ലിനിക്കുകൾ, 2 ഡെന്റൽ ക്ലിനിക്കുകൾ, വിവിധ ആയുർവ്വേദ പാരമ്പര്യ നാട്ടുവൈദ്യ ചികിത്സാ സ്ഥാപനങ്ങൾ, 10 ഓളം മെഡിക്കൽ ഷോപ്പുകൾ, ഒരു മെഡിക്കൽ ലബോറട്ടറി എന്നിവയും സ്തുത്യർഹമായ രീതിയിൽ ഇവിടെ പ്രവർത്തിച്ചു വരുന്നു. മഞ്ഞാടിയിൽ ശ്രീമതി തങ്കമണിയമ്മയും, കൺട്രാച്ചിയിൽ ശ്രീമതി പ്രസന്നകുമാരിയും പാരമ്പര്യ വിഷചികിത്സ നടത്തി വരുന്നു. പഞ്ചായത്തിൽ ആശ വർക്കർമാരുടെ സേവനം വളരെ വലുതാണ്. ഈ നാട്ടിലെ പൊതു കാര്യ പ്രസക്തനും ഉദാരമതിയുമായ ശ്രീ പിററനാൽ അയ്യപ്പൻപിള്ളയുടെ സ്മരണക്കായി മകൻ ശാന്തിഭവനത്തിൽ ശ്രീ ഉണ്ണികൃഷ്ണൻനായർ സൗജന്യമായി നൽകിയ ഒരേക്കർ മുപ്പതുസെന്റ് സ്ഥലത്ത് വിവിധ കേന്ദ്രങ്ങളിൽ നിന്നും ലഭിച്ച ഫണ്ടുകൾ ഏകോപിപ്പിച്ച് പി.എച്ച്.സെന്ററിനുവേണ്ടി നിർമ്മിച്ച പ്രാഥമിക ആരോഗ്യകേന്ദ്രം ഇന്ന് ബഹുകേരളാ ഗവൺമെന്റിന്റെ 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തി കുടുംബ ആരോഗ്യ കേന്ദ്രമായി ഉയർത്തുകയും നല്ല നിലയിൽ പ്രവർത്തിച്ച് വരുകയും ചെയ്യുന്നു. 'പ്രത്യാശ' എന്ന പേരിൽ ഇവിടെ ഒരു മാനസിക ആരോഗ്യ ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കാർഷികരംഗം :-**

വാഴൂർ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിതം നയിക്കുന്നവരാണ്. പ്രധാന കൃഷി റബ്ബറാണ്. കുരുമുളക്, കൊക്കോ, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, മരച്ചീനി, റമ്പൂട്ടാൻ മുതലായവയും കൃഷി ചെയ്തു വരുന്നു. കർഷകരുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി കൃഷിഭവൻ പുളിക്കൽകവലയിൽ പ്രവർത്തിക്കുന്നു. അർഹരായ കൃഷിക്കാർക്ക് വിത്ത്, വളം മുതലായവകൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നു. കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി 'ആത്മ' വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു.

കർഷകരുടെ പ്രധാന പ്രശ്നം ഉൽപ്പന്നങ്ങൾക്ക് ശരിയായ വിപണി ഇല്ല എന്നതായിരുന്നു. ഇത് മനസ്സിലാക്കി വാഴൂർ ഗ്രാമപഞ്ചായത്തിൽ സ്വാശ്രയ കാർഷിക ലേല വിപണി മൂന്നു വർഷങ്ങൾക്കുമുമ്പ് പ്രവർത്തനം ആരംഭിച്ച് ഇന്നും സ്തുത്യർഹമായ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാ തിങ്കളാഴ്ചകളിലുമാണ് വിപണി പ്രവർത്തിക്കുക. കർഷകർക്ക് തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ മിതമായ നിരക്കിൽ വിറ്റഴിയ്ക്കാനും ഉപഭോക്താക്കൾക്ക് വിഷരഹിത വസ്തുക്കൾ മിതമായ വിലയ്ക്ക് വാങ്ങി ഉപയോഗിക്കാനും കഴിയുന്നുണ്ട്. എന്നാൽ പ്രതിസന്ധികളെ തരണം ചെയ്ത് കൂടുതൽ ജനകീയമാക്കി കാർഷിക വിപണിയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണം :-

2017 മാർച്ച് 31-ാം തീയതി വാഴൂർ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണം ലഭിച്ച പഞ്ചായത്തായി മാറിയിട്ടുണ്ട്.

## ധനകാര്യസ്ഥാപനങ്ങൾ :-

സർക്കാർ, സഹകരണ പൊതുമേഖലകളിലായി നിരവധി ധനകാര്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പോസ്റ്റാഫീസുമായി ബന്ധപ്പെട്ടും ധനകാര്യ ഇടപാടുകൾ നടക്കുന്നുണ്ട്. സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

## കുടിവെള്ളം :-

ചെറുതും വലുതുമായ അനേകം തോടുകളും അരുവികളും കുളങ്ങളുമൊക്കെക്കൊണ്ട് സമ്പന്നമായ ഈ പഞ്ചായത്ത് പ്രദേശം, ജനുവരി, ഫെബ്രുവരി മാസത്തോടെ ജലക്ഷാമത്തിന്റെ രൂക്ഷതയിൽ അമരുന്ന വിചിത്രമായ കാഴ്ചയാണ് നാം കണ്ടുവരുന്നത്. ഇവിടെ ലഭിക്കുന്ന മഴവെള്ളം മുഴുവനും വളരെ വേഗം കുത്തി ഒഴുകി സമീപ ജലാശയങ്ങളിൽ എത്തുന്നു. റബ്ബർ കൃഷി തുടങ്ങിയതോടെ മേൽമണ്ണ് കിളച്ചുള്ള കൃഷികൾ കുറഞ്ഞുവരികയും ഭൂമിയിലേക്ക് ജലം വാർന്നിറങ്ങുന്നതിനുള്ള സാദ്ധ്യതകൾ കുറയുകയും ചെയ്തു. ഇടക്കയ്യാലകളുടെ കുറവ് മറ്റൊരു പ്രധാന പ്രശ്നമാണ്. തട്ടുകളായി കയ്യാലകൾ തീർത്താൽ മേൽമണ്ണ് നഷ്ടപ്പെടില്ല. എന്നുമാത്രമല്ല ജലം മണ്ണിൽ ആഴ്ന്നിറങ്ങുകയും ചെയ്യും. കൃഷിയിടങ്ങളിൽ കാനകളും കുഴികളും തീർത്തും ഒരു പരിധിവരെ ഇത് പരിഹരിക്കാവുന്നതാണ്. തോടുകളിൽ തടയണകൾ നിർമ്മിച്ചാൽ ജലം തടഞ്ഞു നിർത്താനും അതിലൂടെ പരിസര പ്രദേശങ്ങളിലെ കിണറുകളെ ജലസംപുഷ്ടമാക്കാനും കഴിയുമെന്ന കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച തുടർ ചെക്ക്ഡാമുകൾ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ജലക്ഷാമം പരിഹരിക്കുവാൻ സഹായിക്കുന്നുണ്ട്.

കിണറുകൾ കുഴിച്ചും, കുഴൽകിണറുകൾ സ്ഥാപിച്ചും തടയണകൾ നിർമ്മിച്ചും മഴക്കൊയ്ത്തിലൂടെ കിണർ റീചാർജ്ജ് ചെയ്തും കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ പഞ്ചായത്ത് പരമാവധി ശ്രമിക്കുന്നുണ്ട്. ഇപ്പോൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയും ചെറുകിട കുടിവെള്ള പദ്ധതികളും പൂർത്തിയാക്കുന്നതോടെ സമ്പൂർണ്ണ കുടുവെള്ള ലഭ്യതയുള്ള പഞ്ചായത്തായി മാറുവാൻ നമുക്ക് കഴിയും.

**കോളനികൾ :-**

തെക്കാനിക്കാട്, വേലമ്പറമ്പ്, മംഗലത്തുകുന്ന്, പുതുപ്പള്ളിക്കുന്ന്, മുള്ളങ്കുഴി തുടങ്ങിയവയിൽ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതിയും പശ്ചാത്തല സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

കാഞ്ഞിരപ്പാറ, പട്ടികജാതി സെററിൽമെന്റ് കോളനി (എരുമത്തല), നെടുമാവ് പുതിയ കോളനി (ഐ.എച്ച്.ഡി.പി), പഴയ കോളനി, പതിനേഴാം മൈൽ പട്ടികജാതി കോളനി എന്നിങ്ങനെ മൂന്ന് അംഗീകൃത കോളനികളാണ് വാഴൂർ പഞ്ചായത്തിലുള്ളത്. 11, 16 വാർഡുകളിലുള്ള പനന്താനം മിച്ചഭൂമി, ഉള്ളായം, പാലയ്ക്കാമറ്റം, കൊരട്ടിമല, കൊച്ചുകാഞ്ഞിരപ്പാറ, വാഴൂർ ഈസ്റ്റിലുള്ള പുതിയ കോളനി (മൂലേൽ കോളനി), ചൂരനോലി മുതലായ പ്രദേശങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ വസിക്കുന്നുണ്ട്.

**പാർപ്പിടം :-**

സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്ന പ്രശ്നം 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പി.എം.എ.വൈ.യിലൂടെയും ഭവനവായ്പകൾ നൽകിയും ഒരു പരിധി വരെ പരിഹരിക്കാൻ കഴിഞ്ഞു എങ്കിലും കൂടുതൽ ഊർജ്ജിതമായ ശ്രമങ്ങൾ 'ലൈഫ്' മിഷൻ ഒന്നാം ഘട്ടത്തിൽ ........................................ പേർക്ക് വീടും ........................................ സ്ഥലവും എല്ലാവർക്കും നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിക്കുവാൻ ............................ പേരും ഭൂരഹിതരായി ........................ പേരും അർഹതയുള്ളതായി കണ്ടെത്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്ത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ സത്ത ഉൾക്കൊണ്ടു കൊണ്ട് കഴിഞ്ഞകാല പ്രവർത്തനങ്ങളിലെ പോരായ്മകൾ പരിഹരിച്ച് വികസനത്തിന്റെ പാതയിൽ ബഹുദൂരം സഞ്ചരിച്ച് പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിക്കും എന്ന് നമുക്ക് വിശ്വസിക്കാം.

**പൊതുഭരണം :-**

കർമ്മോത്സുകരായ പഞ്ചായത്ത് അംഗങ്ങളും കാര്യക്ഷമതയുള്ള ജീവനക്കാരും പഞ്ചായത്ത് ഭരണത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ നിസ്തുല്യമായ പങ്ക് വഹിക്കുന്നു. മറ്റു പഞ്ചായത്തുകളെപ്പോലെ തന്നെ ജോലിഭാരത്തിന് ആനുപാതിക മായ എണ്ണം ജീവനക്കാരില്ലാത്തതും പഞ്ചായത്തിന്റെ പ്രവർത്തനത്തിനെ ബാധിക്കു ന്നുണ്ട്. പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ചതോടുകൂടി ഫ്രണ്ട് ഓഫീസ് സംവിധാനം

വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് മുഖേന ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും ആയതിന് അപേക്ഷിക്കേണ്ടവിധവും ആവശ്യമായ രേഖകളും സംബന്ധിച്ച പൗരാവകാശരേഖ പ്രസിദ്ധീകരിച്ച് വിതരണം ചെയ്തിട്ടുണ്ട്. പൗരാവകാശ രേഖയിൽ സമയക്രമം നിശ്ചയിച്ചിട്ടുള്ളതുപോലെ സേവനം ലഭ്യമാക്കുന്നതിന് ചില സാങ്കേതിക പ്രശ്നം മൂലം എല്ലായ്പ്പോഴും സാധിക്കുന്നില്ലെങ്കിലും കഴിവതും സമയക്രമം പാലിക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ട്.

കഴിഞ്ഞ പദ്ധതികാലയളവിൽ പഞ്ചായത്തിൽ പിരിഞ്ഞ് കിട്ടേണ്ടതായ നികുതികൾ പിരിച്ചെടുത്ത് വരുമാനം കൂട്ടുന്നതിന് സാധിച്ചിട്ടുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, ഷോപ്പിംഗ് കോംപ്ലക്സ്, വാടക, കമ്മ്യൂണിറ്റി ഹാൾ വാടക, എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്.

ടി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പഞ്ചായത്തിന്റെ വികസനവും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളുമായി മുന്നോട്ട് പോകുന്നു.

## അദ്ധ്യായം – 2

# പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വികസനസമീപനം

14-ാം പഞ്ചവത്സര പദ്ധതിക്ക് നാം തുടക്കം കുറിക്കുന്നത് അധികാര വികേന്ദ്രീകരണത്തിന്റെയും പ്രാദേശികതല ആസൂത്രണത്തിന്റെയും രണ്ടര പതിറ്റാണ്ടുകാലത്തെ അനുഭവസമ്പത്തുമായിട്ടാണ്. ജനകീയാസൂത്രണത്തിന്റെ പ്രാരംഭ ദിശയിൽ പഞ്ചായത്തുകൾ മുന്നോട്ടുവച്ച കാഴ്ചപ്പാടും വികസന തന്ത്രങ്ങളും ഇന്ന് അപ്രസക്തമായിരിക്കുകയാണ്. നല്ലത് ഉൾക്കൊള്ളാനും തെറ്റുകൾ തിരുത്താനും മാറ്റങ്ങൾക്കനുസൃതമായി പുതിയ പാതകൾ സൃഷ്ടിക്കാനും നമ്മെ പ്രാപ്തരാക്കുന്ന പാഠപുസ്തകങ്ങളാണ് കഴിഞ്ഞുപോയ ഘട്ടങ്ങൾ. വികസനപ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നിട്ടും നമ്മുടെ നാട്ടിൽ ഭൂരഹിതരും, ഭവനരഹിതരുമായ ലക്ഷങ്ങൾ കുതിച്ചുയരുന്ന ചികിത്സാ ചെലവുകൾ, തരിശാകുന്ന കൃഷിയിടങ്ങൾ, വിഷലിപ്തമായ പച്ചക്കറികൾ, കുമിഞ്ഞുകൂടുന്ന മാലിന്യം, വറ്റി വരളുന്ന ജലസ്രോതസ്സുകൾ എന്നിവ ഇന്നും നമുക്ക് ചുറ്റും കാണുന്നുണ്ട്. നമ്മൾ ഇതുവരെ അവലംബിച്ചുപോന്ന ചട്ടപ്പടി രീതികൾ പലതും പൂർണ്ണമായ ഫലം കണ്ടില്ല എന്ന് തുറന്ന് സമ്മതിക്കേണ്ട സമയമാണിത്. അടിയന്തിരമായി മാറി ചിന്തിയ്ക്കേണ്ടതുണ്ട്. മാറ്റം സൃഷ്ടിക്കേണ്ടതുണ്ട്. മാറ്റത്തിന് നാന്ദി കുറിക്കുവാൻ നൂതനമായ ആശയവും നടപ്പാക്കൽ രീതിയും അവലംബിക്കണം.

പ്രാദേശിക സർക്കാരുകളുടെ വിഭവ അടിത്തറ ശക്തിപ്പെടുകയും ഉദ്യോഗസ്ഥ സംവിധാനങ്ങളിലൂടെയും സാങ്കേതിക മികവിലൂടെയും ശാക്തീകരിക്കപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ ദീർഘകാല വികസന കാഴ്ചപ്പാടും വികസനതന്ത്രവും ആവിഷ്ക്കരിക്കാൻ പ്രാപ്തരായിട്ടുണ്ട്. തങ്ങളുടെ അധികാര പരിധിയിൽ വരുന്ന വിഷയമേഖലകളിലെ പ്രശ്നങ്ങളുടെ ഗൗരവം തിരിച്ചറിയാനും അവ പരിഹരിക്കുന്നതിന് മുൻഗണനകൾ നിശ്ചയിക്കാനും ഇന്ന് പഞ്ചായത്തുകൾക്ക് കഴിയും. ആസൂത്രണ നടപടികൾ പലപ്പോഴും അനാവശ്യമായ കാലവിളംബവും ഉദ്യോഗസ്ഥ മേധാവിത്വവും സൃഷ്ടിക്കുന്നു. ജനകീയത ഇല്ലാതാക്കുന്നു. കാര്യക്ഷമതയ്ക്ക് കോട്ടമുണ്ടാക്കുന്നു തുടങ്ങിയ വിമർശനങ്ങളും പ്രസക്തമാണ്. അതുകൊണ്ട് താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും വിദഗ്ധരുടെയും സന്നദ്ധപ്രവർത്തകരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ ഒരു നടപടി ക്രമമാണ് 14-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് അവലംബിക്കേണ്ടത്. 14-ാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം തുടർച്ചാ സാദ്ധ്യതയുള്ള പരിസ്ഥിതി രക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെപ്പിടിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഒരു ഉന്നതപന്ഥാവിലേക്ക് വാഴൂർ പഞ്ചായത്തിനെ എത്തിക്കുക എന്നതാണ്.

വ്യത്യസ്ത മേഖലകളിൽ കണ്ടെത്തപ്പെട്ടിരിക്കുന്ന പ്രശ്നങ്ങളെ അവയുടെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനും അവയ്ക്കുള്ള ഹ്രസ്വകാല, ദീർഘകാല പരിഹാരം കണ്ടെത്താനും അവ നടപ്പാക്കാനുമുള്ള കാഴ്ചപ്പാടാണ് പഞ്ചായത്ത് ഭരണസമിതിക്ക് ഉള്ളത്.

**കാർഷിക മേഖല :-** കാർഷിക മേഖലയിലെ വർദ്ധിച്ചുവരുന്ന കൃഷിച്ചെലവുകളും പരിചയ സമ്പന്നരായ തൊഴിലാളികളുടെ അഭാവവും മൂലം പരമ്പരാഗത കൃഷിക്കാർ ടി മേഖലയിൽ നിന്ന് വിട്ടുപോകുകയും പുതിയ തലമുറക്കാർക്ക് കൃഷിപ്പണിയിൽ തികച്ചും താൽപ്പര്യമില്ലാതാകുകയും ചെയ്തിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. നാടിന്റെ കാർഷിക സംസ്ക്കാരം തന്നെ കൈമോശം വന്നുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയാണ് ഇന്നുള്ളത്. വർദ്ധിച്ച ഭൂമിവില കാരണം കൃഷിഭൂമികൾ നികത്തി വാസസ്ഥലങ്ങളാക്കി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു.

റബ്ബറിനെ അമിതമായി ആശ്രയിക്കുന്ന കാർഷിക സമ്പദ് വ്യവസ്ഥയാണ് ഈ വാഴൂർ പ്രദേശത്തിന്റെ പ്രത്യേകത. നല്ല വില ലഭിച്ചിരുന്ന ഗതകാല സ്മരണയുമായി കഴിയുന്നവരാണ് ഇവിടുത്തെ റബ്ബർ കർഷകർ. ഈ കർഷകരെ മാറി ചിന്തിക്കാൻ പ്രേരിപ്പിക്കേണ്ടതുണ്ട്. വിപണി സൗകര്യങ്ങൾ ഒരുക്കി കൊടുത്ത് കർഷകരെ സഹായിക്കാനായി 2015 മുതൽ ഇവിടെ ഒരു സ്വാശ്രയ കാർഷിക ലേലവിപണി പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ ലേല വിപണിക്ക് സ്വന്തമായി ഒരു കെട്ടിടം ഇല്ലാത്ത അവസ്ഥയുണ്ട്. ജലദൗർലഭ്യം കാർഷിക മേഖലയെ വല്ലാതെ ബാധിക്കുന്നുണ്ട്. ജൈവകൃഷിക്ക് പ്രാധാന്യം നൽകി മണ്ണും ജലവും സംരക്ഷിച്ച് വരും തലമുറയ്ക്ക് വിഷമയമില്ലാത്ത പ്രകൃതിയെ നൽകുവാൻ പര്യാപ്തമായ കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. രാസവളം, രാസകീടനാശിനി എന്നിവയുടെ ഉപയോഗം നിയന്ത്രിക്കേണ്ടതാണ്.

ജലവിഭവസംരക്ഷണവും മാലിന്യ സംസ്ക്കരണവും ജൈവ പച്ചക്കറി കൃഷിയും കോർത്തിണക്കി ഹരിതകേരളം പദ്ധതി നടപ്പാക്കുമ്പോൾ നമ്മുടെ പ്രദേശവും മണ്ണ് സംരക്ഷണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം എന്നിവയെല്ലാം സാദ്ധ്യമാക്കുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടുണ്ട്.

വ്യക്തിശുചിത്വത്തിന് പേരുകേട്ട നമ്മുടെ സംസ്ഥാനത്തൊട്ടാകെ മാലിന്യ കൂമ്പാരങ്ങൾ നിറഞ്ഞിരിക്കുന്ന അവസ്ഥയിലാണ്. കേവലം ഭരണനടപടികളോ ആസൂത്രണ പ്രക്രിയകളോ കൊണ്ടുമാത്രം പരിഹരിക്കാവുന്നതല്ല ശുചിത്വവും മാലിന്യ

സംസ്ക്കരണവും സംബന്ധിച്ച പ്രശ്നങ്ങൾ. നാടും ജനങ്ങളും ഉണർന്ന് ഒത്തൊരുമയോടെ പ്രയത്നിച്ചാൽ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ കഴിയൂ. പരസ്പര പൂരകങ്ങളായ മാലിന്യ സംസ്ക്കരണം, ജലസമൃദ്ധി, കാർഷിക വികസനം എന്നിവ ഇണക്കിക്കൊണ്ടാണ് ഹരിതകേരളം പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായം നൽകി, ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത്, വിത്തും വളവും നൽകി, ശുചിത്വപാഠങ്ങൾ പകർന്നു നൽകി, ഫലവൃക്ഷത്തൈകൾ നൽകി, വിപണി സൗകര്യങ്ങൾ ഒരുക്കി, കാർഷിക മേഖലയെ സംപുഷ്ടമാക്കുക എന്നതാണ് വാഴൂർ പഞ്ചായത്ത് അവലംബിക്കുന്ന വികസനതന്ത്രം. ചുരുക്കത്തിൽ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ സഹായിക്കാൻ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രമിക്കും.

## ക്ഷീരവികസന മേഖല :-

നമ്മുടെ ഗ്രാമപ്രദേശത്തെ പ്രധാന കൃഷിയായിരുന്ന റബ്ബറിന്റെ വിലത്തകർച്ച മൂലം സാമ്പത്തിക പ്രതിസന്ധിയിലായ ഒട്ടേറെ കർഷകർ കാലിവളർത്തലിലേക്ക് തിരിഞ്ഞിട്ടുണ്ട്. എന്നാൽ ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഉൽപ്പാദനച്ചെലവിന് ആനുപാതികമായി പാലിന് വില ലഭിക്കുന്നില്ല എന്നതാണ്, ശാസ്ത്രീയമായ മൃഗപരിപാലന സംവിധാനങ്ങളുടെ അഭാവം, കാലിത്തീറ്റയുടെ ഗുരുതരമായ വിലവർദ്ധനവ്, തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്, നാടൻ മുട്ടയുടെ ലഭ്യതക്കുറവ്, അപര്യാപ്തമായ കന്നുകുട്ടി പരിപാലന പദ്ധതി ഫണ്ട്, കാലികളുടെ അപ്രതീക്ഷിത മരണം എന്നിവ പ്രശ്നങ്ങളായിത്തന്നെ ഇന്നും നിലനിൽക്കുന്നു.

ഉൽപ്പാദനച്ചെലവിന് ആനുപാതികമായി വില വർദ്ധിക്കുമ്പോൾ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ചാണ് പാലിന് സബ്സിഡി എന്ന സമ്പ്രദായം നടപ്പാക്കുന്നത്. ക്ഷീരകർഷകർക്കു സബ്സിഡി കൊടുത്തുകൊണ്ട് ആശ്വാസമെത്തിക്കാൻ കൂടുതൽ തുക പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കന്നുകുട്ടി പരിപാലനത്തിനുള്ള തുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. അർഹരായ കർഷകർക്ക് എം.ജി. എൻ.ആർ.ഇ.ജി.എസ്. ൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് ഇവ നിർമ്മിച്ചുകൊടുക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കണം. കാലികളുടെ അപ്രതീക്ഷിതമായുള്ള മരണം കർഷകരെ പ്രതിസന്ധിയിലാക്കാതിരിക്കാനായി സമ്പൂർണ്ണ കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത് ഗുണകരമായിരിക്കും. നല്ലയിനം പശുക്കളെ വാങ്ങി സംരക്ഷിച്ച് പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതി

നായി വനിതകൾക്ക് കറവപ്പശുവിനെ വാങ്ങാൻ പ്രൊജക്ട് പഞ്ചായത്തിൽ പതിനാലാം പദ്ധതി കാലയളവിൽ ഏറ്റെടുക്കുന്നതാണ്.

സൊസൈറ്റിയിൽ പാലളക്കാത്ത, വീടുകളിൽ മാത്രം പാൽ വിതരണം ചെയ്തു വരുന്ന ക്ഷീരകർഷകരെ സഹായിക്കാനായും, പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഒരു ക്ഷീരവിതരണ സൊസൈറ്റിയിൽ നിലവിൽ ഒരു ബിഗ് മിൽക്ക് കൂളർ (ബി.എം.സി.) ഉള്ളത് പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിന് വളരെ സഹായകരമാണ്.

നാടൻ മുട്ടകളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ചു, കുറഞ്ഞ വിലയ്ക്ക് ഗുണഭോക്താക്കൾക്കു ലഭ്യമാക്കി ആരോഗ്യരംഗം സംരക്ഷിക്കുകയും 2030 ആകുമ്പോഴേക്കും കോഴിമുട്ടയുടെയും പാലിന്റെയും ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്നുള്ളതാണ് ഭരണസമിതിയുടെ വികസനമന്ത്രം. ഗ്രാമപഞ്ചായത്ത് പദ്ധതി കൂടാതെ മൃഗസംരക്ഷണവകുപ്പിന്റെയും കെപ്കോ വിവിധ പദ്ധതികളെ പ്രയോജനപ്പെടുത്താവുന്നതാണ്.

**വനിത ശിശുവികസനം :-** വാഴൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലമായി സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായി വിവിധ വരുമാനദായകങ്ങളായ പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട് എങ്കിലും ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്താൻ കഴിഞ്ഞിട്ടില്ല. സ്ത്രീ ശാക്തീകരണത്തിനും സാമ്പത്തിക സാമൂഹ്യ ശാക്തീകരണത്തിനുംവേണ്ടി തൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കേണ്ടതുണ്ട്.

സ്ത്രീ ഇന്നും പൂർണ്ണ സുരക്ഷിതയല്ല. പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും സ്വന്തം വീട്ടിൽ പോലും സുരക്ഷിതയല്ലാത്ത വനിതകൾക്ക് ശത്രുവിനെ നേരിടുന്നതിന് ആവശ്യമായ പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. കഴിഞ്ഞ കാലങ്ങളിൽ സമൂഹത്തിലുണ്ടായിട്ടുള്ള മൂല്യച്യുതിയിൽ നിന്ന് കരകയറുക എന്ന ലക്ഷ്യത്തോടെ വനിതകൾക്ക് സ്വയം പ്രതിരോധ പ്രവർത്തനം പരിശീലനത്തിനായി തുക വകകൊള്ളിച്ചിട്ടുണ്ട്. വനിതകൾക്ക് ഫിറ്റ്നെസ് സെന്റർ, മെൻട്രുവൽ കപ്പ് വിതരണം തുടങ്ങിയവ ആരോഗ്യ മേഖല പുഷ്ടിപ്പെടുത്തുന്നതിന് സഹായകരമാകുകയും ചെയ്യും.

വനിതകളെ സാമ്പത്തികമായും സാമൂഹ്യമായും ശാക്തീകരിക്കുകയും അവരുടെ പദവി കുടുംബത്തിലും സമൂഹത്തിലും ഉയർത്തുകയും ചെയ്യുന്നതിലൂടെ നല്ലൊരു നാളയെ സൃഷ്ടിച്ചെടുക്കണം എന്നുള്ളതാണ് ഭരണസമിതിയുടെ കാഴ്ചപ്പാട്.

അംഗൻവാടി ഗുണഭോക്താക്കളായി വരുന്ന കൊച്ചുകുഞ്ഞുങ്ങൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്പെൺകുട്ടികൾ മുതലായവരുടെ സർവ്വതോന്മുഖമായ വികസനമാണ് വാഴൂർ പഞ്ചായത്ത് ഭരണസമിതി മുന്നിൽ കാണുന്നത്. കുട്ടി

കൾക്ക് കായികപരിശീലനം നൽകിയെങ്കിൽ മാത്രമേ ആരോഗ്യമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കാൻ കഴിയൂ. പൊണ്ണത്തടിയുള്ള കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം ഉൾപ്പെടെയുള്ള കായിക പരിശീലനത്തിന് പതിനാലാം പദ്ധതി കാലത്ത് മുൻഗണന നൽകിയിട്ടുണ്ട്.

മൂന്ന് ഗവൺമെന്റ് എൽ.പി. സ്കൂളുകളാണ് പഞ്ചായത്തിലുള്ളത്. ഇവരുടെ ഉന്നതി ലക്ഷ്യമാക്കി സർവ്വശിക്ഷാഅഭിയാൻ വിഹിതമായി നല്ല തുക വകകൊള്ളിച്ചിട്ടുണ്ട്. നവകേരളമിഷന്റെ ഭാഗമായി വിദ്യാകിരണം നടപ്പാക്കുന്നതിലൂടെ ഗവൺമെന്റ് സ്കൂളുകൾക്കും കുട്ടികൾക്കും പഴയ പ്രതാപം വീണ്ടെടുക്കാൻ കഴിയും. ആകെ 23 അംഗൻവാടികൾ ഉള്ളതിൽ ഒന്നുമാത്രം സ്വന്തമായി സ്ഥലമില്ലാത്തതിനാൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി അംഗൻവാടിക്ക് സൗജന്യമായി സ്ഥലം ലഭ്യമായിട്ടുണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ, പോഷകാഹാരം ഉറപ്പാക്കൽ, സ്കോളർഷിപ്പ് വിതരണം, കലോത്സവം തുടങ്ങിയ പദ്ധതികളിലൂടെ ആ വിഭാഗത്തിന്റെ സർവ്വതല വികസനം ലക്ഷ്യമിടുന്നു. ബാലസഭകളിൽ അംഗങ്ങളായിട്ടുള്ള കുട്ടികൾക്ക് സാമൂഹിക, സാംസ്കാരിക, കലാരംഗത്തെ പ്രമുഖവ്യക്തികൾ പങ്കെടുക്കുന്ന പരിശീലനപരിപാടികളും മറ്റും സംഘടിപ്പിക്കുന്നതിലൂടെ അറിവും സഹാനുഭൂതിയും പകർന്നു നൽകുവാൻ വിഭാഗീയ ചിന്ത കീഴ്പ്പെടുത്താത്ത സഹജദു:ഖങ്ങൾ പങ്കുവയ്ക്കുന്ന, പരസ്പരം ബഹുമാനിക്കുന്നവരായി നമ്മുടെ ബാലകൗമാരങ്ങൾക്ക് ദിശാബോധം പകർന്നു കൊടുക്കുവാൻ കഴിയണം. ആരോഗ്യമുള്ള, ലക്ഷ്യബോധമുള്ള, ഒരു തലമുറയെ വാർത്തെടുക്കുന്നതിലൂടെ സാമൂഹ്യ ബോധമുള്ളവരാക്കി കുട്ടികളെ വളർത്തിയെടുക്കുന്നതിലൂടെ ഭാവി തലമുറയെ ദിശാബോധമുള്ളവരാക്കി മാറ്റാൻ കഴിയും എന്നതാണ് ഭരണസമിതിയുടെ കാഴ്ചപ്പാട്.

**സാമൂഹ്യനീതി :-** വയോജനക്ഷേമം മുൻനിർത്തി ഇക്കഴിഞ്ഞ പദ്ധതിക്കാലയളവിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് പാലിയേറ്റീവ് പദ്ധതി, രോഗീസംഗമം വയോജന സംഗമം എന്നിവ വിജയിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വയോജനങ്ങളുടെ ഏകാന്തത ഇല്ലാതാക്കുന്നതിനും, അവർക്ക് ഒത്തുകൂടുന്നതിനുമായ കഴിഞ്ഞ പദ്ധതിക്കാലത്ത് തുടങ്ങിവച്ച പകൽ വീടിന്റെ (വൃദ്ധവിശ്രമകേന്ദ്രം) പ്രവർത്തനം നല്ല നിലയിൽ നടന്നുവരുന്നു. പകൽ വീട്ടിലെത്തുന്ന വയോജനങ്ങൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനും പകൽ വീട്ടിലെ കെയർ ഗിവർക്ക് വേതനം നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശാരീരിക വൈകല്യം അനുഭവിക്കുന്ന നിർദ്ധനരായ ആളുകൾക്ക് ആരോഗ്യ

പരിരക്ഷ ഉറപ്പാക്കുന്നതിനായി അലോപ്പതി, ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്നു വാങ്ങാനായി തീരുമാനമെടുത്തിട്ടുണ്ട്. ൬൦ വയസ്സുകഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷ ഏറ്റവും വേണ്ട സമയത്ത് ലഭ്യമാക്കുന്നതിനായി ആയുർവ്വേദ ആശുപത്രി വഴി എണ്ണ, കുഴമ്പ്, ചൂർണ്ണങ്ങൾ മുതലായവ സ്പെഷ്യൽ കിറ്റായി നൽകുന്നതിന് പ്രോജക്ടിൽ വക ഇരുത്തിയിട്ടുണ്ട്. സാന്ത്വന പരിചരണം ഏറ്റവും ആവശ്യമായ ... രാളം രോഗികളെ വീട്ടിൽ ചെന്ന് പരിചരിക്കുന്നതിനും മറ്റുമായി ബ്ലോക്കുമായി സഹകരിച്ച് നല്ലൊരു തുക പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷാഘാതവും, അപകടങ്ങളും കാരണം കിടപ്പ് രോഗികളായവർക്കുള്ള പദ്ധതി കൂടുതൽ ജനകീയമാക്കണം.

സമൂഹത്തിൽ അവശത അനുഭവിക്കുന്നവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ ജനവിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് അവരേയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന മുതിർന്നവരേയും കുട്ടികളേയും സാമ്പത്തികമായും ശാരീരികമായും മറ്റുള്ളവരെ ആശ്രയിക്കാതെ കഴിയാൻ പറ്റുന്ന സാഹചര്യം ഉണ്ടാക്കിക്കൊടുത്തെങ്കിൽ മാത്രമേ അവർക്കുള്ള സാമൂഹ്യനീതി ഉറപ്പാക്കാൻ കഴിയൂ.

**പാർപ്പിടം :-** വീടില്ലാത്തവരുടെ പ്രശ്നങ്ങൾ നമുക്ക് ഏവർക്കും അറിവുള്ളതാണ്. വർഷങ്ങളായി ലക്ഷക്കണക്കിന് വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലായിട്ടുണ്ടെങ്കിലും എല്ലാ പാവപ്പെട്ടവർക്കും പാർപ്പിടം നൽകാൻ ഇനിയും ആയിട്ടില്ല. വിവിധ ജനവിഭാഗങ്ങളുടെ വ്യത്യസ്ത പദ്ധതികളിലെ മാനദണ്ഡങ്ങൾ ഏകീകരിച്ചും, ഒരു പൊതുസംവിധാനത്തിലൂടെ വീടുകൾ പൂർണ്ണതയിൽ എത്തിക്കുന്നതിനോടൊപ്പം സുരക്ഷിതമായ പാർപ്പിടം എന്ന സങ്കൽപ്പത്തിലെ ഘടകങ്ങൾ എല്ലാം കൂട്ടിയിണക്കുന്നു. ബഹു. കേരള ഗവൺമെന്റിന്റെ ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടം പദ്ധതി കാലയളവിൽ നടപ്പിലാക്കി സമ്പൂർണ്ണ പാർപ്പിട ലഭ്യത ഉറപ്പാക്കാൻ കഴിയണം.

**കുടിവെള്ളം :-** ഇക്കഴിഞ്ഞ വർഷത്തെ ജലക്ഷാമം അതിരൂക്ഷമായിരുന്നു എന്നതിന് തർക്കമില്ല. മണ്ണെടുക്കലും, കണ്ടങ്ങൾ നികത്തലും ഒക്കെ കാരണം ജലനിരപ്പ് താഴ്ന്നു കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. മഴയായി ലഭിക്കുന്ന ജലം ഭൂമിയിൽ ആഴ്ന്നിറങ്ങാതെ ഒലിച്ചുപോയിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇന്ന്. മുൻപ് ഭൂമി, എല്ലാ വർഷങ്ങളിലും കിളച്ചൊരുക്കി കൃഷി ഇറക്കുമായിരുന്നതിന്റെ ഫലമായി വെള്ളം ഭൂമിയിലേക്ക് ആഗിരണം ചെയ്യാനുള്ള സാധ്യതകൾ ഉണ്ടായിരുന്നു. മരങ്ങൾ വെട്ടിമാറ്റലും, വനങ്ങൾ നശിപ്പിക്കലും പ്രശ്നത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. യു.എൻ.ഒ. അഭിപ്രാ

യപ്പെട്ടതുപോലെ ഇനി ഒരു ലോകമഹായുദ്ധം ഉണ്ടാകുകയാണെങ്കിൽ 'അത് ജലത്തിനുവേണ്ടിയായിരിക്കും' എന്ന തിരിച്ചറിവ് നമുക്കുണ്ട്. പഴയ പല ജലസ്രോതസ്സുകളും സ്വകാര്യ വ്യക്തികളുടെ കൈവശം മണ്ണുമൂടി കാടുപിടിച്ചു കിടക്കുന്ന അവസ്ഥ ഉണ്ട്. ആ സമൃദ്ധ സ്രോതസ്സുകൾ കണ്ടെത്തി, വില കൊടുത്തുവാങ്ങി, അവിടെ കുളം നിർമ്മിച്ചു ചെറുകിട കുടിവെള്ള പദ്ധതികൾ ആരംഭിച്ച് ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുവാൻ കഴിയണം.

സംസ്ഥാന സർക്കാർ നമ്മുടെ പഞ്ചായത്തിനെ കിണർ റീ ചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. വരുന്ന രണ്ടുമൂന്നു വർഷങ്ങൾക്കുള്ളിൽ പഞ്ചായത്തിലെ എല്ലാ കിണറുകളും റീചാർജ് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതിലൂടെ ജലസുരക്ഷ നേടാൻ കഴിയും. കേരള സർക്കാർ സഹായത്തോടെ 300 മഴവെള്ള സംഭരണികളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ കഴിഞ്ഞു. കൂടുതൽ സംഭരണി നിർമ്മിച്ച് മഴവെള്ള കൊയ്ത്ത് കാര്യക്ഷമമാക്കണം.

കുളം മുതൽ പുഴ വരെയുള്ള നമ്മുടെ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള ശക്തമായ പ്രവർത്തനങ്ങളിലൂടെ ജലസ്രോതസ്സുകളുടെ മെച്ചപ്പെട്ട വിനിയോഗത്തിലൂടെ അവ പരിപാലിച്ച് സംരക്ഷിക്കാൻ സമൂഹവും ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിനുതകുന്ന രീതിയിൽ ജലസ്രോതസ്സുകൾക്കു ചുറ്റും കാർഷിക പ്രവർത്തനങ്ങളും, തണ്ണീർത്തട വികസന പരിപാടികളും നടപ്പാക്കാൻ ശ്രമിക്കും. കേരളത്തിന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രകൃതിഭംഗിയും, അന്തരീക്ഷവും തെളിഞ്ഞ ശുദ്ധമായ ജലസമ്പത്തുമൊക്കെ സംരക്ഷിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതുവഴി വിഷമയമില്ലാത്ത പച്ചക്കറികളും ഭക്ഷ്യയോഗ്യമായ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പരസ്പര പൂരകങ്ങളായ മാലിന്യ സംസ്കരണം, ജലസമൃദ്ധി, കാർഷിക വികസനം, ഇവ ഇണക്കിക്കൊണ്ട് നടപ്പാക്കുന്ന ഹരിത കേരള മിഷൻ, ജലസുഭിക്ഷയ്ക്ക് പഞ്ചായത്തിനെ പ്രാപ്തമാക്കും എന്ന കാഴ്ചപ്പാടാണ് ഭരണസമിതിക്കുള്ളത്. പുതിയ പല കുടിവെള്ള പദ്ധതികൾ തുടങ്ങാനും പഞ്ചായത്ത് പ്രോജക്ട് ആക്കിയിട്ടുണ്ട്. ജലക്ഷാമത്തിന് സ്ഥായിയായ ഒരു പരിഹാരം കാണുക എന്നുള്ളതാണ് പഞ്ചായത്തിന്റെ ദീർഘകാല വികസനപരിപ്രേക്ഷ്യം.

**ശുചിത്വം മാലിന്യപരിപാലനം :-** വ്യക്തി ശുചിത്വത്തിന് പേരുകേട്ട സംസ്ഥാനത്തിന് പൊതു ശുചിത്വത്തിന്റെ കാര്യത്തിൽ മുന്നേറാൻ കഴിയണം. നമ്മുടെ പഞ്ചായത്തിലും മാലിന്യം ഒരു വലിയ പ്രശ്നമാണ്. കേവലം ഭരണനടപടികളോ, ആസൂത്രണ

പ്രക്രിയകളോ കൊണ്ട് പരിഹരിക്കാവുന്നതല്ല ശുചിത്വവും മാലിന്യസംസ്കരണവും സംബന്ധിച്ചുള്ള പ്രശ്നങ്ങൾ. നാടും ജനങ്ങളും ഉണർന്ന് ഒത്തൊരുമയോടെ പ്രയത്നിച്ചാൽ മാത്രമേ ഇതിനൊരു പരിഹാരം കാണാനാകൂ. ഉറവിട ജൈവമാലിന്യ സംസ്കരണം പ്രാവർത്തികമാക്കുന്നതോടൊപ്പം ഗുരുതര പ്രശ്നങ്ങളുള്ള മേഖലകളിൽ ചെറുകിടകേന്ദ്രീകൃത സംവിധാനങ്ങളും ആവശ്യമായി വരും. ഒന്നോ രണ്ടോ പ്രചരണ പരിപാടികളിലൊതുങ്ങാതെ തുടർച്ചയായ ബോധവൽക്കരണവും ഇടമുറിയാതെയുള്ള സേവന സൗകര്യങ്ങളും ലഭ്യമാക്കുവാൻ ഭരണസമിതി ഉദ്ദേശിക്കുന്നു. ജനങ്ങൾ പൂർണ്ണ മനസ്സാൽ പങ്കാളികളാകുകയും സാമൂഹിക പ്രതിബദ്ധതയോടെ അവരുടെ കടമകൾ നിർവ്വഹിക്കുകയും ചെയ്താൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ വിജയത്തിലെത്തിക്കാനാകൂ. തുറസ്സായ കുടിവെള്ളകിണറുകൾ ശുചിത്വകിണറുകളാക്കി മാറ്റാനും പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന മെറ്റീരിയൽ റിക്കവറി സെന്ററും പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റും വളരെ ആശ്വാസകരമാണ്. ടി പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിന്റെ വിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹരിത കർമ്മസേനകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ശുചിത്വത്തിനും, മാലിന്യ സംസ്കരണത്തിനും പരിഹാരം കാണുന്നതിന് ഹരിത കേരള മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സഹായത്തോടെ പ്രവർത്തനം വിപുലപ്പെടുത്തണം. മണ്ണ്, ജലം, വായു, എന്നിവ മലിനമാകാതെ സംരക്ഷിക്കേണ്ട ചുമതല ഓരോ പൗരന്റെയും കടമയാണ് എന്ന ബോധം ഉണ്ടാക്കുന്നതിനായി കുട്ടികൾക്കും മുതിർന്നവർക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്താനും പദ്ധതിയുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ദുരിതങ്ങളും ദൂഷ്യഫലങ്ങളും ഒഴിവാക്കുന്നതിന് ഹരിത കർമ്മ സേനയുടെ പ്രവർത്തനം വളരെ സഹായകരമാകുന്നുണ്ട്.

**ആരോഗ്യരംഗം :-** വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവുകൾ, അസുഖം വന്നാൽ സാധാരണക്കാരനെപ്പോലും ദാരിദ്ര്യത്തിലേക്ക് തള്ളിയിടുന്ന അവസ്ഥ നിലനിൽക്കുന്നു. പൊതുആരോഗ്യ സംവിധാനത്തിന്റെ രോഗാവസ്ഥ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിക്കുന്നത് പാവപ്പെട്ടവരെത്തന്നെയാണ്. ആരോഗ്യരംഗത്ത് സർക്കാർ സേവനങ്ങൾ ജനസൗഹൃദമാക്കാനുദ്ദേശിച്ചുകൊണ്ടുള്ള ആർദ്രം പദ്ധതിയിൽ ഈ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിനെയും ഉൾപ്പെടുത്തിയിട്ടുള്ളത് ഏറെ ആശ്വാസകരമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബ ആരോഗ്യ കേന്ദ്രമായി പരിവർത്തനപ്പെടുത്തിയതോടെ പാവപ്പെട്ടവർക്കും സാധാരണക്കാർക്കും സുഗമമായി ആതുരശുശ്രൂഷ

സേവനങ്ങൾ ലഭ്യമാക്കാൻ കഴയുന്നുണ്ട്. ദേശീയ നിലവാരം ഉറപ്പാക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. അടിസ്ഥാന സൗകര്യവും കാര്യക്ഷമതയും വർദ്ധിപ്പിച്ച് മുന്നോട്ട് പോകണം.

പ്രമേഹം, രക്തസമ്മർദ്ദം മുതലായ രോഗങ്ങളുടെ പിടിയിലാണ് ഗ്രാമവാസികൾ. രക്തത്തിലെ ഗ്ലൂക്കോസ് നില അറിയുന്നതിന് ദൂരെയുള്ള ലാബുകളിൽ രാവിലെ തന്നെ രണ്ടു പ്രാവശ്യം (ഫാസ്റ്റിംഗും, റാന്റവും) എത്തിച്ചേരുന്നത് വയോജനങ്ങളെ സംബന്ധി ച്ചിടത്തോളം വളരെ ബുദ്ധിമുട്ടാണ് എന്ന തിരിച്ചറിവാണ് ആശാ പ്രവർത്തകർക്ക് രോഗി കളുടെ ഭവനങ്ങളിലെത്തി ബി.പി.യും ഷുഗറും പരിശോധിക്കുന്നതിന് പരിശീലനം ലഭിച്ച വനിതകൾക്ക് പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതി നടപ്പി ലാക്കി ജനങ്ങളെ സഹായിക്കുവാൻ കഴിയണം. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബ ആരോഗ്യകേന്ദ്രങ്ങളായപ്പോൾ, റഫറൽ സംവിധാനം ശക്തമായി. വെർച്ചൽ ക്യൂ സംവിധാനത്തിലൂടെ തിരക്ക് ഒഴിവാക്കാൻ കഴിയുന്നുണ്ട്. വൈ.ഫൈ. സംവി ധാനം ഉൾപ്പെടെയുള്ള കാത്തിരിപ്പ് മുറികൾ സജ്ജമാകും. ആധുനികമായ പരിശോ ധനാ സംവിധാനങ്ങൾ ഉറപ്പാകും. രോഗികളുടെ ആരോഗ്യ റിക്കാർഡുകൾ ഡിജിറ്റ ലൈസ് ചെയ്യും, ഡോക്ടറുടെ മുഴുവൻ സമയസേവനം ലഭ്യമാക്കും. ഇതിലൂടെ പഞ്ചാ യത്തിലെ സാധാരണക്കാരുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കാൻ കഴിയും എന്നത് ആശ്വാ സകരമാണ്. പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കി ആധുനിക സൗകര്യങ്ങളേർപ്പെ ടുത്തുവാൻ കഴിയണം.

**പട്ടികജാതി പട്ടികവർഗ്ഗ വികസനം :-** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് കോളനി നിവാസികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിനും സമഗ്രവികസനത്തിനും 14-ാം പദ്ധതിയിലെ ആദ്യ വർഷം പ്രോജക്ട് തയ്യാറാ ക്കിയിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായവും ലഭ്യമാക്കിയിരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ മുന്നേ റ്റമുണ്ടാകുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ പുരോഗതി, ആരോഗ്യസ്ഥിതി, ജീവിത നിലവാരം എന്നീ കാര്യങ്ങളിൽ പട്ടിക ജാതി – പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഇനിയും മുന്നേറാൻ ആവശ്യമായ എല്ലാ പിൻതുണയും നാം നൽകേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ പ്രോത്സാഹനം ആധുനിക പഠന ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ വിദേശ വിദ്യാഭ്യാസത്തിനും പ്രവാസ ജോലിക്കും പിന്തുണ . ആരോഗ്യ ക്ഷമത ഉറപ്പാക്കാൻ വരുമാന വർദ്ധനവ് ഉറപ്പാക്കി ജീവിത നിലവാരം ഉയർത്തൽ എന്നീ ലക്ഷ്യങ്ങളോടെ വിവിധ പദ്ധതികൾ നടപ്പിലാക്കണം.

## അദ്ധ്യായം - 3

## ധനസമാഹരണം - വിഭവ സ്രോതസ്സുകൾ

14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് വാഴൂർ പഞ്ചായത്തിന് വിവിധ ഇനങ്ങളിലായി വികസന പ്രവർത്തനത്തിന് ലഭിക്കുന്ന ഫണ്ടുകളുടെ വിവരങ്ങളാണ് ഈ ഭാഗത്ത് ലഭ്യമാക്കുന്നത്. ലഭിക്കുന്ന വിഭവങ്ങൾ ഓരോ മേഖലയിലും എങ്ങനെ വിനിയോഗിക്കുമെന്ന് പ്രതിപാദിക്കുന്നു. പതിനാലാം പദ്ധതികാലത്ത് ജനറൽ, 14-ാം ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, എസ്.സി.പി., ടി എസ്.പി. എന്നിവയിൽ നിന്നും പ്രതീക്ഷിക്കുന്ന വകയിരുത്തലുകൾ.

## വിഭവ സ്ത്രോതസ്സുകൾ

## വികസന ഫണ്ട്

| വർഷം | ജനറൽ വിഭാഗം | എസ്.സി.പി. | റ്റി.എസ്.പി. | ആകെ |
|---|---|---|---|---|
| ലഭിച്ചത് 2018-19 | 15834500 | 4272400 | 129800 | 20236700 |
| 2019-20 | 17417950 | 4699640 | 142780 | 22260370 |
| 2020-21 | 19159745 | 5169604 | 157058 | 24486407 |
| 2021-22 | 21075420 | 5686564 | 172764 | 26934748 |
| പ്രതീക്ഷിച്ചത് 2022-23 | 21431000 | 521100 | 0 | 26642000 |

## മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

| | |
|---|---|
| 2018 - 19 | 3505700 |
| 2019 - 20 | 3856270 |
| 2020 - 21 | 4241897 |
| 2021 - 22 | 4666087 |
| 2022 - 23 | 4545000 |

## ജനറൽ പർപ്പസ് ഫണ്ട്

| | |
|---|---|
| 2018 - 19 | 9926400 |
| 2019 - 20 | 10919040 |
| 2020 - 21 | 12010944 |
| 2021 - 22 | 13212038 |
| 2022 - 23 | 12600000 |

## പ്രത്യേക വിഭാഗങ്ങൾക്കുള്ള വകയിരുത്തൽ

| വർഷം | പ്രതീക്ഷിക്കുന്ന വികസനഫണ്ട് | വനിത ഘടകപദ്ധതി | ശിശുക്കൾ/ഭിന്ന ശേഷിയുള്ളവർ/ ഭിന്നലിംഗക്കാർ | വൃദ്ധർ/ പാലിയേറ്റീവ് | ശുചിത്വമേഖല |
|---|---|---|---|---|---|
| 2018–19 | 20236700 | 2023670 | 1011835 | 1011835 | 1583450 |
| 2019–20 | 22260370 | 2226037 | 1113019 | 1113019 | 1741795 |
| 2020–21 | 24486407 | 2448641 | 1224321 | 1224321 | 1915975 |
| 2021–22 | 26934748 | 2693475 | 1346738 | 1346738 | 2107542 |
| 2022–23 | 1445900 | 1677820 | 838910 | 838910 | 2091600 |

## അദ്ധ്യായം – 4

# വാഴൂർ ഗ്രാമപഞ്ചായത്ത്

## വികസനമേഖലയുടെ അവസ്ഥാ വിശകലനം

കേരളത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രാദേശിക വികസനപദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നത് പ്രാദേശിക സർക്കാരുകളിൽ നിയമപ്രകാരം നിക്ഷിപ്തമായ അധികാരവും ഉത്തരവാദിത്വവുമാണ്. 14–ാം പഞ്ചവത്സരപദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളും, ആസൂത്രണ സമിതികളും രൂപീകരിക്കുകയും വിവിധ വിഷയമേഖലകളെ സംബന്ധിച്ച് സമഗ്രമായ വിവരങ്ങൾ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. ശേഖരിക്കപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സ്റ്റേക്ക് ഹോൾഡർമാരുമായി വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുകയുമാണ് ചെയ്യുന്നത്.

### 1. മണ്ണ്, ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി, വനവൽക്കരണം

ചങ്ങനാശ്ശേരി താലൂക്കിന്റെ കിഴക്ക് ഭാഗത്തായി, ചെറിയ കുന്നുകളും ചരിവു പ്രദേശങ്ങളും ഉൾപ്പെടെ 30 ച.കി.മീ. വിസ്തീർണ്ണമുള്ള ഭൂപ്രദേശമാണ് വാഴൂർ. കുന്നുകൾ കൂടുതലുള്ള പ്രദേശമായതിനാൽ നാണ്യവിള കൃഷിയിലാണ് കർഷകർ കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 71% ത്തോളം ഭൂപ്രദേശം റബ്ബർ കൃഷി ചെയ്യുന്നതിനുവേണ്ടി വിനിയോഗിച്ചിരിക്കുന്നു. ബാക്കി 29% ത്തോളം ഭൂപ്രദേശം മിശ്രവിളകൾക്കായി ഉപയോഗിക്കുന്നു. തെങ്ങ്, കവുങ്ങ്, കപ്പ, ഇഞ്ചി, വാഴ, കാച്ചിൽ, ചേന എന്നിവയും കൃഷി ചെയ്യുന്നുണ്ട്.

### കാർഷിക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ:-

കാർഷിക മേഖലയിലെ വർദ്ധിച്ചു വരുന്ന കൃഷി ചെലവുകളും, പരിചയ സമ്പന്നരായ തൊഴിലാളികളുടെ അഭാവവും മൂലം പരമ്പരാഗത കൃഷിക്കാർ ഉൾപ്പെടെ ടി മേഖലയിൽ നിന്ന് വിട്ടുപോകുകയും, പുതിയ തലമുറക്കാർക്ക് കൃഷിപ്പണിയിൽ തികച്ചും താൽപ്പര്യമില്ലാതാകുകയും ചെയ്യുന്നു. വർദ്ധിച്ച രാസവളപ്രയോഗം നിമിത്തം കൃഷിഭൂമികൾ ഉപയോഗരഹിതമായിക്കൊണ്ടിരിക്കുന്നു. വർദ്ധിച്ച ഭൂമി വില കാരണം കൃഷിഭൂമികൾ നികത്തി വാസസ്ഥലങ്ങളാക്കി മാറ്റുന്നു. നിലവിലുള്ള തരിശുഭൂമി, ഹരിത കേരള മിഷനുമായി, ബന്ധപ്പെട്ട് കൃഷിയോഗ്യമാക്കേണ്ടതുണ്ട്. ജലസംരക്ഷണവുമായി ബന്ധപ്പെട്ട്, നിലവിലുള്ള പല തോടുകളും, കുളങ്ങളും മലിന

പ്പെട്ട് കിടക്കുന്നുണ്ട്. ജലാശയങ്ങളെല്ലാം ശുദ്ധീകരിച്ച് സംരക്ഷിക്കേണ്ടതുണ്ട്. വൻകിട ജലസേചന പദ്ധതികളേക്കാൾ കൃഷിക്കനുയോജ്യം ചെറുകിട ജലസേചന പദ്ധതികളാണ്. പഞ്ചായത്ത് പദ്ധതി വച്ചുകൊണ്ട് പച്ചക്കറി തൈ വിതരണം നടത്താറുണ്ടെങ്കിലും, തൈകളുടെ സംരക്ഷണം നന്നായി നടക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടതു കാരണം വാർഡ്തല മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ശേഖരണ സംവിധാനമില്ലാത്തത്, കാർഷിക ഭൂമിയുടെ അപര്യാപ്തത തുടങ്ങിയവ കർഷകർ നേരിടുന്ന പ്രതിസന്ധികളാണ്.

ജലസേചന പദ്ധതികൾ സംയോജിപ്പിച്ച്, മാലിന്യ പുന:ചംക്രമണം നടത്തി, വിവിധ വിപണികളുമായി ബന്ധപ്പെടുത്തി, കൃഷിക്ക് ഭൂമി കൂടുതൽ ലഭ്യമാക്കി, വിപണന സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തി, കാർഷികമേഖലക്ക് പൂർണ്ണ പിന്തുണ നൽകി, കാർഷിക മേഖലയെ പരിപോഷിപ്പിക്കുക എന്നതാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാനലക്ഷ്യം.

ജൈവകൃഷിക്ക് പ്രാധാന്യം നൽകി മണ്ണും, ജലവും, സംരക്ഷിച്ചുകൊണ്ട് വരും തലമുറയ്ക്ക് വിഷമയമില്ലാത്ത പ്രകൃതിയെ നൽകുവാൻ പര്യാപ്തമായ കാർഷിക സംസ്ക്കാരം വളർത്തുന്നതിനുവേണ്ടി രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ടുള്ള കൃഷിരീതികൾക്ക് പ്രോത്സാഹനവും സഹായവും നൽകണം എന്ന ജനങ്ങളുടെ ആവശ്യം സാധിച്ചുകൊടുക്കുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചു വരുന്നു.

കഴിഞ്ഞ 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി, അപേക്ഷ നൽകിയ എല്ലാവർക്കും പച്ചക്കറിതൈ വിതരണം നടത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഫലവൃക്ഷത്തൈ വിതരണം, വാഴവിത്ത് വിതരണം, കൃഷിഭൂമി കുറവുള്ള ആൾക്കാരെ ഉദ്ദേശിച്ച് ഗ്രോബാഗിൽ പച്ചക്കറിതൈ വിതരണം, ജലസേചനത്തിന് പമ്പും മോട്ടറും നൽകൽ, ജലസേചന കിണർ നിർമ്മിക്കുന്നതിനുള്ള സഹായം, നല്ല നടീൽ വസ്തുക്കളുടെ വിതരണം, വളം വിതരണം മുതലായവ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള ശ്രമം പൂർണ്ണമായി വിജയിച്ചിട്ടില്ല. സ്കൂളുകളിലും സ്ഥാപനങ്ങളിലും കൃഷി പ്രോത്സാഹിപ്പിക്കാനായി നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൃഷിഭവൻ വഴി ബോധവൽക്കരണ ക്ലാസ്സുകളും വിവിധ പരിശീലനങ്ങളും സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. റബ്ബർ തോട്ടങ്ങളിലെ ജല, മണ്ണ് സംരക്ഷണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മഴക്കുഴികൾ നിർമ്മിക്കാനും കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ 8 വർഷങ്ങളായി ഈ പഞ്ചായത്തിൽ സ്വാശ്രയ കാർഷികച്ചന്ത വിപണി പ്രവർത്തിച്ചു വരുന്നു. വിപണിക്ക് ഒരു സ്ഥിര ആസ്ഥാനം നിർമ്മിക്കുവാൻ സ്ഥലപരിമിതി കാരണം പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

## ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ:-

ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ജലസംരക്ഷണം, ജൈവകൃഷി പ്രോത്സാഹനം, മാലിന്യ സംസ്ക്കരണം മുതലായ നടത്തേണ്ടതുണ്ട്. മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കണം. പൈപ്പ് കമ്പോസ്റ്റിങ്ങും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ്സിൽ ഉൾപ്പെടുത്തി കമ്പോസ്റ്റ് പിറ്റുകൾ ഇനിയും സ്ഥാപിക്കേണ്ടതുണ്ട്. കാർഷിക നേഴ്സറികൾ, മഴമറ സംവിധാനം, മുതലായവയും ആവശ്യമാണ്. പശുവളർത്തൽ, കോഴി വളർത്തൽ, കാടക്കോഴി വളർത്തൽ, മീൻ വളർത്തൽ, ആടുവളർത്തൽ മുതലായവ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ടി പ്രവൃത്തികൾ മൂലം രാസവള ഉപയോഗം കുറയ്ക്കാൻ കഴിയും. "കൂടുതൽ ലാഭം, കുറഞ്ഞ ചിലവിൽ, വിഷമയമില്ലാതെ" എന്ന രീതിയിലുള്ള കാർഷിക പദ്ധതികൾ പുനരാവിഷ്ക്കരിക്കേണ്ടതുണ്ട്. നാടൻ വിത്തുകൾ സമാഹരിക്കേണ്ടതുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തി, അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ ലഭ്യമാക്കി, സ്റ്റോറേജ് സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ജൈവകീടനാശിനി ഉപയോഗം പ്രോത്സാഹിപ്പിച്ച് കാർഷിക ശിൽപ്പശാലകൾ നടത്തി, ആവശ്യത്തിന് ധനസഹായം ലഭ്യമാക്കി കാർഷിക മേഖലയെ മുന്നോട്ടു നയിക്കണം.

## മൃഗസംരക്ഷണം ക്ഷീരവികസനം :-

ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനപ്പെട്ട ഉപതൊഴിൽ കാലിവളർത്തലാണ്. പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ സ്ഥിതി വിവരക്കണക്ക് താഴെപറയും പ്രകാരമാണ്.

| | |
|---|---|
| പശുക്കൾ | 1205 |
| a). നാടൻ പശുക്കൾ | 35 |
| b). സങ്കരയിനം | 1170 |
| പോത്ത് | 93 |
| ആട് | 1035 |

| | |
|---|---|
| എരുമ | 519 |
| പന്നി | 69 |
| മുട്ടക്കോഴി | 16407 |
| ഇറച്ചിക്കോഴി | 24000 |
| താറാവ് | 240 |
| കാട | 43 |

## പശുക്കുട്ടികളുടെ വിവരങ്ങൾ :-

| | |
|---|---|
| ആകെ എണ്ണം | 271 |
| പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ രജിസ്റ്റർ ചെയ്തത് | 171 |

ഇവിടെയുള്ള ഡയറിഫാമുകളുടെ എണ്ണം 7, ആട് ഫാം 3, ഇറച്ചിക്കോഴി യൂണിറ്റ് 6 ആണ്. ഇവയെല്ലാം തന്നെ സ്വകാര്യമേഖലയിലാണ്. ഇവിടെ ആധുനിക അറവുശാലകൾ ഒന്നും ഇല്ല. എഗ്ഗർ നേഴ്സറികളും ഗോട്ട് സാറ്റലൈറ്റ് യൂണിറ്റും ഇല്ല. എബിസി പ്രോഗ്രാം പ്രകാരം വന്ധ്യംകരിച്ച നായ്ക്കളുടെ എണ്ണം 128 ആണ്.

കഴിഞ്ഞ 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ മേഖലയിലെ വികസനത്തിന് ഉതകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും മുട്ട, പാൽ, മാംസ്യം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തയിലെത്തിച്ചേരാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇക്കഴിഞ്ഞ പദ്ധതിക്കാലയളവിൽ 80 ലക്ഷത്തോളം രൂപ ഈ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. മുട്ട, പാൽ, മാംസം ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് ടി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പഞ്ചായത്തിന്റെ ലക്ഷ്യം.

## പ്രശ്നങ്ങൾ :-

ചെറുകിട നാമമാത്ര കർഷകരാണ് മൃഗപരിപാലനമേഖലയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മേഖലയിലെ കർഷകർ ഒരുപാട് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതായിട്ടാണ്. പഠനങ്ങൾ തെളിയിക്കുന്നത്

അത്യുൽപ്പാദനശേഷിയുള്ളതും രോഗപ്രതിരോധശേഷിയുള്ളതുമായ കിടാരികൾ, കോഴി, താറാവ് എന്നിവയുടെ ലഭ്യതക്കുറവ്, ശാസ്ത്രീയമായ മൃഗപരിപാലന സംവിധാനങ്ങളുടെ അഭാവം, പരിമിതമായ പാൽവില, കാലിത്തീറ്റയുടെ ഗുരുതരമായ വിലവർദ്ധനവ്, തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്, നാടൻമുട്ടയുടെ ലഭ്യതക്കുറവ്, അപര്യാപ്തമായ കന്നുകുട്ടി പരിപാലന പദ്ധതിഫണ്ട് മുതലായവ ഈ മേഖല നേരിടുന്ന പ്രശ്നങ്ങളാണ്.

**പ്രശ്നപരിഹാരമാർഗ്ഗങ്ങൾ :-**

വിവിധ ഗ്രാമസഭകളിൽ നിന്നും കാലിവളർത്തൽ മേഖലക്കായി വിവിധ നിർദ്ദേശങ്ങൾ ലഭിച്ചതനുസരിച്ച് ചർച്ച ചെയ്തപ്പോൾ, കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി പദ്ധതി, കാലിത്തൊഴുത്ത് നിർമ്മാണം, സമ്പൂർണ്ണ ഇൻഷുറൻസ് പദ്ധതി, കോഴി, ആട്, കാടക്കോഴി വിതരണപദ്ധതി, സൊസൈറ്റികളിൽ പാൽ അളക്കാത്തവർക്കും കാലിത്തീറ്റ സബ്സിഡി വിതരണം, തീറ്റപ്പുൽ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കൽ മുതലായവ നടപ്പാക്കേണ്ടതുണ്ട്.

13-ാം പദ്ധതിക്കാലത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. കിടാരി സംരക്ഷണത്തിനാവശ്യമായ തീറ്റ സബ്സിഡി നിരക്കിൽ (കന്നുകുട്ടി പരിപാലന പദ്ധതി) നടപ്പാക്കാൻ കഴിഞ്ഞു.
2. ക്ഷീര കർഷകർക്ക് അടിസ്ഥാന സൗകര്യം (കാലിത്തൊഴുത്ത് നിർമ്മാണം) ഏർപ്പെടുത്തി.
3. കുടുംബശ്രീ വനിതകൾക്ക് കുറഞ്ഞ വിലയ്ക്ക് മുട്ടക്കോഴി വിതരണം നടത്തി.
4. കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്ന് മുട്ടക്കോഴികളും കോഴിക്കൂടും നിർമ്മിക്കുന്നതിനുള്ള സബ്സിഡിയും വാങ്ങിക്കൊടുക്കാൻ കഴിഞ്ഞു.
5. പ്രോജക്ട് മാനദണ്ഡം അനുസരിച്ചുള്ള ഗുണഭോക്താക്കളെ കണ്ടെത്തി കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്.
6. സൊസൈറ്റികളിൽ ശീതീകരണ സംവിധാനം ഏർപ്പെടുത്തുവാൻ കഴിഞ്ഞു.

**വികസനസാദ്ധ്യത :-**

അന്യസംസ്ഥാനങ്ങളെ ആശ്രയിക്കാതെ, നമ്മുടെ പ്രദേശത്തുതന്നെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നടപ്പിലാക്കണം. ഇതിനായി തീറ്റപ്പുൽകൃഷി വ്യാപകമാക്കാനുള്ള ശ്രമങ്ങളും നടത്തേണ്ടതുണ്ട്.

നാടൻ കോഴിമുട്ടയുടെ ലഭ്യത കുറവായതിനാൽ വില കൂടുതലാണ്. നാടൻ കോഴികൾ കുടുംബശ്രീ വനിതകൾക്ക് ലഭ്യമാക്കി നാടൻമുട്ടകളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് വിലകുറച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി, ആരോഗ്യരംഗം സംരക്ഷിക്കണം. 2030 ആകുമ്പോൾ കോഴിമുട്ടയുടെയും പാലിന്റെയും ഉൽപ്പാദനത്തിൽ എങ്കിലും നമുക്ക് സ്വയം പര്യാപ്തത നേടേണ്ടതുണ്ട്.

**ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ :-**

1. കാലിത്തീറ്റ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കണം.
2. ജന്തുജന്യരോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.
3. എല്ലാ കുടുംബങ്ങളിലും പശു, ആട്, എരുമ, കോഴി, വളർത്തൽ നിർബന്ധമാക്കണം.
4. തരിശുഭൂമിയിൽ പുൽകൃഷി പദ്ധതി നടപ്പാക്കാം.
5. എല്ലാ മൃഗങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കണം
6. ചികിത്സാ ചെലവുകൾ ലഘൂകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്.
7. നൂതനങ്ങളായ പരിശീലനങ്ങളും ശിൽപ്പശാലയും കർഷകർക്കായി സംഘടിപ്പിക്കണം.

## വിദ്യാഭ്യാസ-കല-സാംസ്ക്കാരിക-യുവജനക്ഷേമം

സമ്പൂർണ്ണ സാക്ഷരത എന്ന മഹത്തായ നേട്ടം കൈവരിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. നാം നേടിയിരിക്കുന്ന എല്ലാ നേട്ടങ്ങൾക്കും അടിത്തറ പാകിയത് വിദ്യാഭ്യാസ മേഖലയിലെ പുരോഗതിയാണ്.

നമ്മുടെ ഗ്രാമത്തിന്റെ സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ട വിദ്യാലയങ്ങൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസത്തെ മത്സരബുദ്ധിയോടെയും കച്ചവടതാല്പര്യത്തോടെയും നോക്കികാണുന്നതും ഗവൺമെന്റ് നയങ്ങളും പൊതുജനത്തിന് വിദ്യാഭ്യാസ സ്ഥാപനത്തോടുള്ള മനോഭാവത്തിലുണ്ടായ മാറ്റങ്ങളും കാരണം വാഴൂർ പഞ്ചായത്തിന് നിരവധി പ്രഗത്ഭരെ സംഭാവന ചെയ്ത പലവിദ്യാലയങ്ങളും അടച്ച് പൂട്ടൽ ഭീഷണിയെ നേരിടുന്നുണ്ട്.

വാഴൂർ പഞ്ചായത്തിലും മറ്റ് ഭാഗങ്ങളിൽ എന്നപോലെ കുടിപള്ളിക്കൂടങ്ങളായിരുന്നു ആദ്യകാലത്ത് വിദ്യാഭ്യാസത്തിന് ആശ്രയം. എഴുതാനും, വായിക്കാനും, കണക്കുകൾ കൂട്ടുന്നതിനും, ഗുണിക്കുന്നതിനും, ഹരിക്കുന്നതിനും പരിശീലനമാണ് ആശാന്മാർ നൽകിയിരുന്നത്. ജാതി ഭ്രഷ്ട് മൂലം പലർക്കും വിദ്യാഭ്യാസം നിഷേധിച്ചിരുന്നു.

വാഴൂർ പഞ്ചായത്തിന്റെ സിരാകേന്ദ്രമായ കൊടുങ്ങൂരിൽ സ്ഥിതി ചെയ്യുന്ന 1088 കന്നിമാസം 11 ന് 1 മുതൽ 7 വരെ ക്ലാസ്സോടുകൂടി ആരംഭിച്ച ഗവ. ഹൈസ്കൂൾ

വാഴൂർ പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ച പെൺപള്ളിക്കൂടം എന്ന പേരിൽ അറിയപ്പെടുന്ന തേക്കാനം ഗവ. എൽ.പി. സ്കൂൾ , 1140 ൽ പനംപുന്നയിൽ ആരംഭിച്ച സെന്റ് ജോർജ്ജ് യു.പി. സ്കൂൾ, 1942 ൽ ഇംഗ്ലീഷ് സ്കൂളാക്കി ആരംഭിച്ചതും ചാമംപതാൽ എൻ.എസ്.എസ്. ഗവ.എൽ.പി.സ്കൂൾ എന്നറിയപ്പെടുന്ന വിദ്യാലയം, 1925 ൽ സ്ഥാപിക്കപ്പെട്ട ഉള്ളായം എൽ.പി. സ്കൂൾ, 1929 ൽ സ്ഥാപിക്കപ്പെട്ട ഹോളി ഫാമിലി യു.പി. സ്കൂൾ, ഇളങ്ങോയി, 1952 ൽ സ്ഥാപിക്കപ്പെട്ട ഉള്ളായം യു.പി. സ്കൂൾ എന്നിവ ആദ്യകാലത്ത് പ്രാഥമിക വിദ്യാഭ്യാസത്തിന് നേതൃത്വം നൽകിയ സ്ഥാപനങ്ങളാണ്.

ദീർഘനാളത്തെ പ്രവർത്തനഫലമായി 1953 ൽ ചട്ടമ്പിസ്വാമി തിരുവടികളുടെ നാമധേയത്തിൽ ആരംഭിച്ച എസ്.വി.ആർ.വി.എൻ.എസ്.എസ്. ഹൈസ്കൂളാണ് പഞ്ചായത്തിലെ ആദ്യ ഹൈസ്കൂൾ. 1965 ൽ ജൂനിയർ കോളേജായും, 1977 ൽ അപ്ഗ്രേഡ് ചെയ്യുകയും ചെയ്ത എസ്.വി.ആർ.എൻ.എസ്.എസ്. കോളേജാണ് പഞ്ചായത്തിലെ ഏക ഉന്നത വിദ്യാഭ്യാസ സ്ഥാപനം. പ്ലസ് ടു വിദ്യാലയമാണ് എസ്.വി.ആർ.വി.എൻ.എസ്.എസ്.എച്ച്.എസ്.എസ്. വാഴൂർ. ഇവകൂടാതെ സെന്റ് പോൾസ് ഹൈസ്കൂൾ പുളിക്കൽകവല, സെന്റ് ഫിറ്റേഴ്സ് എൽ.പി.എസ്. പുളിക്കൽക്കവല, സെന്റ് മേരീസ് എൽ.പി. സ്കൂൾ 19-ാം മൈൽ, എസ്.വി.ജി.എൽ.പി. സ്കൂൾ കാനം, സി.എം.എസ്. എൽ.പി.എസ്. കാനം എന്നിവ ഗ്രാമത്തിലെ എല്ലാവിഭാഗം ജനങ്ങളുടേയും വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രയത്നിക്കുകയും അതിൽ വിജയിക്കുകയും ചെയ്ത സ്ഥാപനങ്ങളാണ്.

രക്ഷിതാക്കളുടെ ഇംഗ്ലീഷ് മാധ്യമഭ്രമം മുതലെടുത്ത്കൊണ്ട് ആരംഭിച്ച സെന്റ് മേരീസ് എൽ.പി. സ്കൂൾ പുളിക്കൽക്കവല, എൻ.എസ്.എസ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ ടി.പി.പുരം, ഏദൻ പബ്ലിക് സ്കൂൾ, വാഴൂർ ഈസ്റ്റ് എന്നിവയും വാഴൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളാണ്. പ്രീ-പ്രൈമറി രംഗത്ത് 13 വാർഡുകളായി ഗവ. സഹായത്തോടെ 23 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇവകൂടാതെ പ്രീ-പ്രൈമറിതലത്തിൽ മാതൃഭാഷയിലൂടെയാകണം വിദ്യാഭ്യാസം എന്നതിനെ അവഗണിച്ചുകൊണ്ട് 8 ഇംഗ്ലീഷ് മീഡിയം സ്കൂളുകളും പ്രവർത്തിക്കുന്നു. ഗവ. എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് 4 പ്രീ-പ്രൈമറി വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു.

ഗവ. മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ സ്വകാര്യ മേഖലയിൽ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും കമ്പ്യൂട്ടർ സെന്ററുകളും പ്രവർത്തിക്കുന്നു. ധാരാളം ട്യൂഷൻ സെന്ററുകളും, പാരലൽ കോളേജുകളും നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ ധാരാളം പ്രൈമറി വിദ്യാലയങ്ങളും 3 ഹൈസ്കൂളുകളും ഉണ്ടെന്നിരിക്കെ കുട്ടികൾ വിദൂരസ്ഥലങ്ങളെ വിദ്യാഭ്യാസത്തിനു വേണ്ടി ആശ്രയിക്കുന്നു. അയൽപക്ക സ്കൂൾ സമ്പ്രദായം പ്രവർത്തിക്കുകയും പഞ്ചായത്ത് അതിർത്തിയിലുള്ള സ്കൂളുകളുടെ അക്കാദമിക് രംഗത്തെ പോരായ്മ കൾ പരിഹരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഇവയെ നിലനിർത്തുവാൻ സാധി ക്കുകയുള്ളൂ. കായിക വിദ്യാഭ്യാസ രംഗത്ത് ചിട്ടയായ പരിശീലനവും പ്രോത്സാഹ നവും നൽകുന്നതിനുള്ള സൗകര്യം നമ്മുടെ പഞ്ചായത്തിലില്ല. സ്കൂൾ യുവജനോ ത്സവങ്ങളെ ലക്ഷ്യമാക്കി മാത്രമുള്ള കലാപരിശീലനമാണ് ഇന്നു നടക്കുന്നത്. കലാ രംഗത്ത് ശ്രദ്ധയൂന്നുന്നതിന് പഠനഭാരം മൂലം കുട്ടികൾക്ക് സാധിക്കുന്നില്ല. എസ്.എസ്.എൽ.സി. പരീക്ഷയിൽ കണക്ക്, ഇംഗ്ലീഷ് വിഷയങ്ങളിലെ പരാജയം മൂലം വിദ്യാഭ്യാസരംഗത്തുനിന്നും തന്നെ അകന്നുപോകുന്ന കുട്ടികളുടെ എണ്ണം ധാരാള മാണ്. പുതിയ പരീക്ഷസമ്പ്രദായവും ഗ്രേഡിംഗ് സംവിധാനവും പരീക്ഷയോട് കുട്ടി കൾക്കുള്ള ഭയത്തെ ദൂരീകരിക്കുന്നതിനും സഹായകരമാണ്.

## കൊടുങ്ങൂർ തുടർവിദ്യാകേന്ദ്രം :-

2014-15 ൽ അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയിലൂടെ നാലാം തരം വിജയിക്കാത്ത 15 മുതൽ 50 വയസ്സുവരെ പ്രായമുള്ളവരുടെ സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 45 പേരെ കണ്ടെത്തിയതിൽ 30 പേരെ നാലാംതരം വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 7-ാം തരം തുല്യതാകോഴ്സിൽ 20 പേരെ പരീക്ഷ എഴുതിപ്പിച്ച് വിജയിപ്പിച്ചു. പത്താംതരം തുല്യതാ കോഴ്സിലൂടെ 75 പേരെ വിജയിപ്പി ച്ചിട്ടുണ്ട്. 2015-16 മുതൽ പ്ലസ് വൺ തുല്യതാ കോഴ്സ് ആരംഭിച്ചതിൽ 8 പേരെ ഇതു വരെ ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്.

## പദ്ധതി അവലോകനം :-

പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യ ങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി രൂപപ്പെടുത്തി പൂർത്തീകരിക്കുന്നതിന് സാധിച്ചി ട്ടുണ്ട്.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ട അവസ്ഥയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതിയുമായി കൂടിച്ചേർന്ന് പൊതുവിദ്യാഭ്യാസത്തെ മൂല്യാ ധിഷ്ഠിതമാക്കി മാറ്റുന്നതിനുള്ള പദ്ധതികളാണ് പദ്ധതിയിൽ നാം മുൻഗണന നൽകേണ്ടത്. ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പൊതുവിദ്യാ ഭ്യാസം സംരക്ഷിക്കുന്നതിനും ഈ നാട്ടിലെ സാമൂഹിക സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി

കൂട്ടായ്മകൾ, എന്നിവയുടെ സഹായത്തോടെ സാധ്യമാക്കണം.

## ആരോഗ്യരംഗം

**പ്രശ്നങ്ങൾ :-**

1. ജീവിതശൈലീ രോഗങ്ങളുടെ വർദ്ധന

    എ). പ്രമേഹം    ബി). രക്താതിമർദ്ദം

    സി). സി.ഒ.പി.ഡി. (ക്രോണിക്ക് ഒബ്സ്ട്രക്ടീവ് പൾമിനറി ഡിസീസ്)

    ഡി). മാനസിക രോഗങ്ങൾ

    ഇ). ക്യാൻസറുകൾ

    എഫ്). അപകടങ്ങൾ, പരിക്കുകൾ, ആത്മഹത്യകൾ

2. കുറഞ്ഞുവരുന്ന പാരിസ്ഥിതിക ആരോഗ്യം

3. ആരോഗ്യരംഗത്തെ അസമത്വം

4. പൊതുമേഖലാ ആരോഗ്യസ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

5. രോഗങ്ങളുടെ ആവിർഭാവം

6. സ്വഭാവമാറ്റത്തിലൂന്നിയുള്ള ഇടപെടലുകൾ എന്നിവയിലെ ഗവേഷണത്തിലുള്ള അഭാവം

7. വർദ്ധിച്ചുവരുന്ന അപകടകരമായ ശീലങ്ങൾ

    എ) അനാരോഗ്യകരമായ ആഹാരശീലങ്ങൾ

    ബി) പുകയിലയുടെ ഉപയോഗം, മദ്യപാനം

    സി) വ്യായാമമില്ലായ്മ

8. വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവുകൾ (ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ)

**പരിഹാര മാർഗ്ഗങ്ങൾ :-**

1. സാർവ്വത്രികവും, സൗജന്യവും സമഗ്രവുമായ പ്രാഥമിക ആരോഗ്യപരിരക്ഷ ഓരോ കുടുംബത്തിനും നൽകണം.

2. രോഗികളുടെ അവകാശസംരക്ഷണം

3. ഉചിതമായ പരിചരണം

4. സാമൂഹ്യപങ്കാളിത്തം

5. ഗുണമേന്മയുള്ളതും യുക്തവുമായ പരിചരണം

6. ചികിത്സാ സേവനങ്ങളുടെ തുടർച്ച

7. സാമ്പത്തിക സുരക്ഷിതത്വം

8. ബോധവത്ക്കരണം

9. ശുദ്ധജല ലഭ്യത ഉറപ്പാക്കൽ

10. പര്യാപ്തമായ വ്യായാമ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ മാതൃമരണങ്ങൾ ഒന്നും പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. ഗർഭിണികളുടെ യഥാസമയത്തുള്ള രജിസ്ട്രേഷൻ, പരിശോധനകൾ എന്നിവ ശരിയായി നടക്കുന്നുണ്ട്. 19 ആശാ വർക്കർമാർ സ്തുത്യർഹമായ സേവനം നൽകുന്നുണ്ട്. കുട്ടികൾക്കുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൃത്യമായി നടന്നു വരുന്നു.

നിലവിലുള്ള പബ്ലിക് ഹെൽത്ത് സെന്റർ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ബഹു കേരള സർക്കാർ കുടുംബ ആരോഗ്യകേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ ടോക്കൺ സമ്പ്രദായം, ഇരിപ്പിട സൗകര്യങ്ങൾ, ഡ്രസ്സിംഗ് റൂം, ഫാർമസി, സ്റ്റോർ, ഇൻജക്ഷൻ റൂം, ഒബ്സർവേഷൻ റൂം, ഫീഡിംഗ് കോർണർ, ഓഫീസ് സംവിധാനം, ടോയ്‌ലറ്റ് എന്നിവ ഉണ്ട്. ലബോറട്ടറി സേവനം ലഭ്യമാക്കാനായിട്ടുണ്ട്. ആഴ്ചയിൽ 3 ദിവസം ഉച്ചവരെ മാത്രമേ ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നുള്ളൂ. കുടുംബ ആരോഗ്യകേന്ദ്രമായതോടെ എല്ലാ ദിവസവും ഡോക്ടറുടെയും സ്റ്റാഫ് നേഴ്സിന്റെയും സേവനം ലഭിക്കുന്നത് ഈ പഞ്ചായത്തിലെ പാവപ്പെട്ട രോഗികൾക്ക് ഒരു വലിയ ആശ്വാസമാകുന്നുണ്ട്.

പാലിയേറ്റീവ് പരിചരണം ആവശ്യമായി വരുന്ന രോഗികളുടെ എണ്ണം കൂടിവരുന്നു. ഈ പഞ്ചായത്തിൽ ഒരു പാലിയേറ്റീവ് നേഴ്സിന്റെ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ. ഒരു മാസത്തിൽ 16 ഹോം കെയറുകൾ നടത്തുന്നുണ്ട്. പാലിയേറ്റീവ് നേഴ്സി

നോടൊപ്പം ആശാ പ്രവർത്തകരും ജനപ്രതിനിധികളും പാലിയേറ്റീവ് രോഗികളെ സന്ദർശിച്ചു വരുന്നു. നിലവിൽ 72 ക്യാൻസർ രോഗികൾ വാഴൂർ പഞ്ചായത്തിലുണ്ട്. തുടർപരിചരണം ആവശ്യമായി വരുന്ന 70 ഓളം സാന്ത്വന പരിചരണത്തിൽപ്പെട്ട രോഗികളും ഉണ്ട്. രോഗികളുടെയും പരിചാരകരുടെയും സംഗമങ്ങൾ ഇവിടെ നടത്താറുണ്ട്.

**ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ :-**

1. ഓരോ കുടുംബത്തിനും സൗജന്യചികിത്സ ലഭ്യമാക്കുക
2. രോഗികൾക്ക് ജനറിക് മരുന്നുകൾ ലഭ്യമാക്കേണ്ടതുണ്ട്.
3. ഗുണമേന്മയുള്ള പരിചരണം ലഭ്യമാക്കേണ്ടതുണ്ട്.
4. തുടർ ചികിത്സ ആവശ്യമുള്ളവർക്ക് തുടർ സേവനം നൽകണം.
5. ശുദ്ധജല ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്.
6. വ്യായാമ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്.
7. സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കണം
8. രോഗികളുടെ അവകാശ സംരക്ഷണം
9. ആശുപത്രികൾ രോഗി സൗഹൃദങ്ങളാക്കേണ്ടതുണ്ട്.

## പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി ഉൾപ്പെടെ)

വാഴൂർ ഗ്രാമപഞ്ചായത്തിൽ ഒരു ഗതാഗത മാർഗ്ഗമേയുള്ളൂ. റോഡുമാർഗ്ഗം. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കിഴക്കു പടിഞ്ഞാറായി ദേശീയപാതയായ എൻ.എച്ച്.ഉം ചങ്ങനാശ്ശേരി വാഴൂർ റോഡും കടന്നു പോകുന്നു. നിലവിൽ നമ്മുടെ പഞ്ചായത്തിൽ 15.39 കി.മീ. കോൺക്രീറ്റ് റോഡും 52.31 കി.മീ. ടാർ റോഡും 197.78 കി.മീ. മൺ റോഡും 55.7 കി.മീ. മറ്റുതരം റോഡുകളും ഉൾപ്പെടെ 321.065 കി.മീ. റോഡ് നിലവിലുണ്ട്. ചില റോഡുകൾ പൂർണ്ണമായും, മറ്റു ചിലത് ഭാഗികമായി ടാർ ചെയ്യപ്പെട്ടവയുമാണ്. ഇവിടുത്തെ ഏകദേശം 90% കുടുംബാംഗങ്ങൾക്കും ഏതെങ്കിലും മോട്ടോർ വാഹനങ്ങൾ ഇപ്പോഴുണ്ട്. പ്രധാന ജംഗ്ഷനുകളായ കൊടുങ്ങൂർ, ചാമംപതാൽ, പുളിക്കൽക്കവല, കാനം എന്നിവിടങ്ങളിൽ ടാക്സി വാഹനങ്ങളും ഓട്ടോറിക്ഷകളും പാർക്ക് ചെയ്ത് സർവ്വീസ് നടത്തി വരുന്നു.

ഗതാഗതത്തെ സംബന്ധിച്ചിടത്തോളം പ്രധാനമാണ് ഓരോ റോഡിലെയും പാല

ങ്ങളും കലുങ്കുകളും. ഇവ കാലാകാലങ്ങളിൽ നിർമ്മിക്കുകയും, അറ്റകുറ്റപ്പണികൾ നടത്തുകയും, പഞ്ചായത്ത് റോഡുകൾ ടാർ ചെയ്യുകയും, വേണ്ടവ റീ ടാർ ചെയ്യുകയും ചെയ്ത് സംരക്ഷിച്ചു പോരുന്നു. കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിച്ച പ്രത്യേക ഫണ്ടും സ്കീമുകളും വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ട്, എം.എൽ.എ. ഫണ്ട്, പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ചാണ് റോഡുകൾ പരിപാലിച്ചു പോരുന്നത്. ഇപ്പോൾ പഞ്ചായത്തിലെ 90% വീടുകളിലും ഓട്ടോറിക്ഷായെങ്കിലും ചെന്നെത്താനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാണ്.

**പ്രശ്നങ്ങൾ :-**

1. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാകാലം ചെയ്യുവാൻ സാധിക്കുന്നില്ല.
2. വെള്ളക്കെട്ടുകൾ ഒഴിവാക്കാനായി സാധിക്കുന്നില്ല.
3. സംരക്ഷണഭിത്തികൾ, ഓടകൾ മുതലായവയുടെ അഭാവം
4. മുൻപ് നിർമ്മിക്കപ്പെട്ടിട്ടുള്ള പല സംരക്ഷണഭിത്തികളും ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന അവസ്ഥ മാറ്റാൻ കഴിയാത്തത്.
5. നിലവിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഓടകൾ മണ്ണും മാലിന്യങ്ങളും നിറഞ്ഞ് വെള്ളം ഒഴുകുവാനാകാത്ത അവസ്ഥ.
6. ചില ടാർ റോഡുകളോ, കോൺക്രീറ്റ് റോഡുകളോ ഭാഗികമായി മാത്രം പണിതിട്ടുള്ള അവസ്ഥ.
7. നടപ്പാതകൾ വീതികൂട്ടി അത്യാവശ്യം വേണ്ട വാഹനഗതാഗതം സാദ്ധ്യമാക്കുകയും പരസ്പരം ബന്ധിപ്പിക്കേണ്ട റോഡുകൾ സൗകര്യപ്രദമായി ബന്ധിപ്പിക്കുകയും ചെയ്യാതിരിക്കുന്നത്.

മേൽവിവരിച്ചിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ച്, കാലാകാലങ്ങളിൽ ആവശ്യാനുസരണം അറ്റകുറ്റപ്പണികൾ നടത്തി, വേണ്ട സ്ഥലങ്ങളിൽ പ്രധാന റോഡുകളുമായി ലിങ്കു ചെയ്യുന്നതിന് ആവശ്യമായ പുതിയ റോഡുകൾ നിർമ്മിച്ച്, റോഡുകൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്വത്തെപ്പറ്റി ബോധവൽക്കരണം നടത്തി നമ്മുടെ പ്രധാന ഗതാഗതമാർഗ്ഗം സംരക്ഷിക്കേണ്ടതുണ്ട്.

**ഊർജം:-** പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലഭ്യമായിട്ട് ഉദ്ദേശം 80 വർഷത്തോളമാകുന്നു. വൈദ്യുതി ഇല്ലാതിരുന്ന മുൻകാലങ്ങളിൽ മരോട്ടിഎണ്ണ, ഓടലെണ്ണ, വെളിച്ചെണ്ണ, മണ്ണെണ്ണ മുതലായവയാണ് വിളക്ക്കത്തിക്കുവാനും മറ്റും ഉപയോഗിച്ചുകൊണ്ടിരുന്നത്. പ്രധാനപ്പെട്ടകവലകളിൽ പ്രത്യേകതരം മണ്ണെണ്ണ റാന്തലുകൾ സ്ഥിരമായി സ്ഥാപിച്ച്

പ്രകാശിപ്പിച്ചിരുന്നു. തുടർന്ന് പെതുആവശ്യങ്ങൾക്ക് പെട്രോമാക്സ് വിളക്കുകൾ പ്രചാരത്തിൽ വന്നു . ക്രമേണ ഭവനങ്ങൾക്ക് വൈദ്യുതി കണക്ഷനും സ്ട്രീറ്റ് ലൈറ്റുകളും ഏർപ്പെടുത്തിത്തുടങ്ങി. ഇന്ന് നമ്മുടെ പഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നേടിയ പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

**പ്രശ്നങ്ങൾ**

1. വൃക്ഷക്കൊമ്പുകളും മറ്റും യഥാസമയം മുറിച്ചുമാറ്റാത്തതിനാൽ ഉണ്ടാകുന്ന വൈദ്യുതി തകരാർ
2. ഏറ്റവും അത്യാവശ്യമായ സ്ഥലങ്ങളിൽ പുതിയ ലൈനുകൾ സ്ഥാപിക്കാതിരിക്കൽ
3. നിലവിലുള്ള സോഡിയം വേപ്പർലാമ്പുകൾ കാലാകാലങ്ങളിൽ മെയിന്റനൻസു ചെയ്യാതിരിക്കൽ
4. ഉൾപ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കാൻ കഴിയാത്ത അവസ്ഥ.
5. റബ്ബർ മേഖലയായതിനാൽ മരങ്ങൾ ഒടിഞ്ഞുവീണ് തകരാറുകൾ ഉണ്ടാകൽ
6. വോൾട്ടേജ് ക്ഷാമം

വൃക്ഷകൊമ്പുകൾ യഥാസമയം വെട്ടിമാറ്റി, പുതിയ ലൈനുകൾ സ്ഥാപിച്ച് ,കാലകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പുതിയ ട്രാൻസ്ഫോമറുകൾ വേണ്ട സ്ഥലങ്ങളിൽ സ്ഥാപിച്ച് ടി പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വികസനം:-** വാഴൂർ ഗ്രാമപഞ്ചായത്തിൽ 2017 മാർച്ച് 1 ലെ കണക്കിൻ പ്രകാരം, പട്ടിക ജാതി - പട്ടിക വർഗ്ഗ ജനസംഖ്യ 1870 ആണ്. വസിക്കുന്നത്. ഇതിൽ 1775 പേർ SC വിഭാഗത്തിലും 95 പേർ ST വിഭാഗത്തിലും ഉൾപ്പെടുന്നവരാണ് വിവിധ സങ്കേതങ്ങളിലായി 172 കുടുംബങ്ങൾ താമസിച്ചുവരുന്നു. വളരെ കുറച്ച് കൃഷിഭൂമിമാത്രമേ ഉള്ളു എന്നകാരണത്താൽ കാർഷികപുരോഗതി നേടാൻ ഈ വിഭാഗങ്ങൾക്ക് കഴിയുന്നില്ല. ഭൂരഹിതരായ കുടുംബങ്ങളും നിലവിലുണ്ട് കമ്പ്യൂട്ടർ പഠനം പൂർത്തീകരിച്ച ആളുകൾ ഉണ്ടെങ്കിലും ഇവർക്ക് അനുയോജ്യമായ തൊഴിൽ ലഭിക്കുന്നില്ല.അതിനാൽ തൊഴിലില്ലായ്മ പ്രധാനമായ ഒരു പ്രശ്നമാണ്. കോളനികളിൽ കുടിവെള്ളത്തിനായി പലയിടത്തും പൊതുകിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. വിവിധ കോളനികളിൽ ചെറിയ ചെറിയ കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കോളനികളുടെ സമഗ്രവികസനം പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

**പ്രശ്നങ്ങൾ :-**

1. അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്

2. കുടിവെള്ള ക്ഷാമം

3. തൊഴിൽ പരിശീലനങ്ങളുടെ കുറവ്

4. സ്വന്തമായി വീടും സ്ഥലവും ഇല്ലായ്മ

5. സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കുന്നതിൽ താല്പര്യമില്ലായ്മ

6. സാംസ്ക്കാരിക നിലയങ്ങളുടെ കുറവ്

13-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങൾ ടി വിഭാഗത്തിന് വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട് എങ്കിലും ഇന്ന് പ്രശ്നങ്ങൾ നിലനിൽക്കുന്നു ഭൂരഹിതർക്ക് ഭൂമിയും, വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായവും നല്കിയിട്ടുണ്ട് ഭവന പുനരുദ്ധാരണം, പഠനമുറിനിർമ്മാണം വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വിതരണം ചെയ്യൽ, പഠിക്കാൻ മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ, ജലസംഭരണികൾ നൽകൽ മുതലായവ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങളാണ്. കുടുംബശ്രീ പ്രവർത്തനങ്ങളും പ്രത്യേക അയൽക്കൂട്ട രൂപീകരണവും, ഓട്ടോറിക്ഷവിതരണവും കോർപ്പറേഷൻഫണ്ട് വിതരണവും SC / ST വിഭാഗക്കാർക്ക് ദാരിദ്ര നിർമാർജനത്തിന് സഹായകരമായിട്ടുണ്ട്. ടി വിഭാഗക്കാർക്ക് വിവാഹ ധനസഹായവും നൽകിയിട്ടുണ്ട്.

**ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ**

1. കോളനികളിൽ സൗരോർജപാനലുകൾ നൽകിയാൽ. ഒരു പരിധിവരെ വൈദ്യുതി ചാർജ്ജ് കുറയ്ക്കാൻ കഴിയും.
2. വിവാഹ ധനസഹായത്തുക വർദ്ധിപ്പിക്കേണ്ടതുണ്ട്
3. വീട് മെയിന്റനൻസിന്റെയും കിണർ മെയിന്റനൻസിന്റെയും തുക വർദ്ധിപ്പിക്കേണ്ടതുണ്ട്
4. കൃഷിസ്ഥലം വളരെ കുറവായതിനാൽ ഗ്രോബാഗ് നൽകി ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക.
5. ടി വിഭാഗക്കാർക്ക് തൊഴിൽ പരിശീലനം നൽകി, സാമ്പത്തിക സഹായവും നല്കി സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം (പ്രത്യേകിച്ചും വനിതകൾക്ക്)

6. കോഴി, ആട്, പശു എരുമ എന്നിവയെ പരിപാലിച്ച് വരുമാനം ഉണ്ടാക്കാനുള്ള സാദ്ധ്യതകളെപ്പറ്റി ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

7. ടി വിഭാഗത്തിൽപ്പെട്ട യുവജനങ്ങക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം നല്കേണ്ടതുണ്ട് .

## സാമൂഹ്യക്ഷേമം (വൃദ്ധർ, വികലാംഗർ, മാനസികവെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെ)

മുതിർന്ന പൗരന്മാരുടെ എണ്ണം വർദ്ധിച്ചുവരുന്ന ഒരു അവസ്ഥയാണ് ഇന്ന് വാഴൂർ പഞ്ചായത്തിൽ നിലനിൽക്കുന്നത് ശാരീരിക, മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന വയോധികരെ സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ ധർമ്മംതന്നെയാണ് വികലാംഗർക്ക് ജീവിതനിലവാരം മെച്ചപ്പെടുത്താനും ആത്മവിശ്വാസം വളർത്തുവാനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പിന്തുണ നൽകേണ്ടതുമാണ്.

പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ വയോജനങ്ങൾക്കും സ്വയംതൊഴിൽ പദ്ധതിയിലൂടെ വികലാംഗരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും, പഠനസഹായം നൽകിയതിലൂടെ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സന്തോഷം നൽകുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. വയോജനങ്ങൾക്ക് പാലിയേറ്റീവ് പരിചരണ പദ്ധതിയിലുൾപ്പെടുത്തി വീടുകളിൽ ചെന്ന് യൂറിൻ ട്യൂബ് മാറ്റുന്നതിനും രോഗികളെ പരിചരിക്കുന്നതിനും, ഡോക്ടറുടെ സഹായം വേണ്ട സമയങ്ങളിൽ അത് നൽകുവാനും വാട്ടർബെഡ്, എയർ ബെഡ്, വാക്കർ, കൊമോഡ് മുതലായ (വലിയ വില കൊടുത്തു വാങ്ങേണ്ടവ) പി.എച്ച്.സി. യിൽ നിന്നു ലഭ്യമാക്കി ആവശ്യം കഴിയുമ്പോൾ തിരികെ പി.എച്ച്.സി.യെ ഏൽപ്പിക്കുന്ന പരിപാടിയുമായി സാന്ത്വന പരിചരണ യൂണിറ്റ് മുന്നോട്ടു പോകുന്നുണ്ട്. വാഴൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ ബഡ്സ് സ്കൂളുകളില്ല.

ടി വിഭാഗക്കാരെ പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തേണ്ടതുണ്ട്. വീടുകളിൽ പകൽ ഒറ്റപ്പെട്ടു കഴിയേണ്ടി വരുന്ന വയോജനങ്ങൾക്ക് പകൽസമയം ഒരുമിച്ച് ഒരിടത്തുകൂടി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നതിനും മാനസിക പ്രശ്നങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കുന്നതിനും മാനസിക ഉല്ലാസം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും മറ്റുമൊക്കെയായി അവർ ആവശ്യപ്പെട്ടതനുസരിച്ച് ഒരു പകൽവീട്, വൃദ്ധവിശ്രമകേന്ദ്രം, ശാസ്താംകാവ് ഭാഗത്ത് നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.

2017–18 സാമ്പത്തിക വർഷം തന്നെ അതിന്റെ പണി പൂർത്തിയാക്കാൻ സാധിക്കും. അംഗൻവാടികൾ കേന്ദ്രീകരിച്ച് വയോജന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ മാസവും 3-ാം ശനിയാഴ്ച ക്ലബ്ബിലെ അംഗങ്ങൾ വിവിധ അംഗൻവാടികളിൽ ഒത്തുചേരാറുണ്ട്.

## സ്ത്രീകളുടെയും കുട്ടികളുടെയും വികസനം :–

വാഴൂർ ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 23 അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നു. 1000 ജനസംഖ്യയ്ക്ക് 1 അംഗൻവാടി എന്ന അനുപാതത്തിലാണ് അംഗൻവാടികൾ സ്ഥാപിക്കുന്നത്. അംഗൻവാടിയുടെ ഗുണഭോക്താവായി വരുന്നത് മൂന്നുവയസ്സിൽ താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പെൺകുട്ടികൾ തുടങ്ങിയവരാണ്. ഇവരുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷയ്ക്കും വേണ്ടിയാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത്. പൂരകപോഷകാഹാരത്തിനു പുറമേ അടിസ്ഥാനപരമായി സമഗ്ര സമ്പൂർണ്ണ വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് അംഗൻവാടികളിൽ നടത്തപ്പെടുന്നത്.

നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത ഒരു അംഗൻവാടി മാത്രമാണ് പഞ്ചായത്തിലുള്ളത്. അംഗൻവാടികൾ കേന്ദ്രീകരിച്ച് വയോജനക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

വാഴൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ സ്ത്രീകളുടെ വികസനത്തിനുവേണ്ടി വിവിധ വരുമാനദായകങ്ങളായ പദ്ധതികൾ-പച്ചക്കറികൃഷി പ്രോത്സാഹനം, കാലിവളർത്തൽ, കന്നുകുട്ടി പരിപാലനം, വനിത കുടുംബ ഗൃഹനാഥയായിട്ടുള്ള വർക്ക്, ഭവനപുനരുദ്ധാരണം മുതലായവയും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അംഗൻവാടികൾക്ക് ആവശ്യമായ ഉപകരണങ്ങളും കളിപ്പാട്ടങ്ങളും പഞ്ചായത്തിൽ നിന്ന് നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും വനിതകളെ കൈപിടിച്ച് ഉയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഇനിയും നടപ്പാക്കേണ്ടതുണ്ട്.

സ്വരക്ഷയ്ക്കായി കരാട്ടെ, തായ് കോണ്ട, നീന്തൽ പരിശീലനം മുതലായവ പരിശീലിപ്പിക്കേണ്ടത് കാലത്തിന്റെ ആവശ്യകതയാണ്. ഇനിയും അംഗൻവാടികളിലൂടെ പോഷകാഹാരവിതരണം ഭംഗിയായി നടത്തുന്നതിലൂടെ കുട്ടികളിലെ പോഷകക്കുറവ് ഒരളവുവരെ ഇല്ലാതാക്കാനും അതിലൂടെ ഉണ്ടാകാൻ സാദ്ധ്യതയുള്ള രോഗങ്ങൾ ഇല്ലാതാക്കാനും നമുക്ക് കഴിയണം.

## ദാരിദ്ര്യ ലഘൂകരണം:-

ദാരിദ്ര്യലഘൂകരണവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ ഇക്കഴിഞ്ഞ

13-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് വാഴൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. എങ്കിലും ലക്ഷ്യം പൂർണ്ണമായി കൈവരിക്കാനായിട്ടില്ല. എന്തുകൊണ്ടാണ് ലക്ഷ്യം പൂർണ്ണമായി കൈവരിക്കാനാകാത്തത് എന്നതിൽ കാരണങ്ങൾ വർക്കിംഗ് ഗ്രൂപ്പിന്റെ കണ്ടെത്തലുകൾ താഴെ പറയുന്നു.

1. സ്വയംതൊഴിൽ ഏറ്റെടുത്തു നടപ്പാക്കുന്നതിലെ വിമുഖത
2. കാർഷിക മേഖലയിൽ ഇടപെടൽ നടത്തുന്നതിനുള്ള കുടുംബശ്രീ സംവിധാനത്തിന്റെ പോരായ്മകൾ
3. വിപണന സാധ്യതകളുടെ അപര്യാപ്തത
4. നൈപുണ്യക്കുറവ്
5. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം
6. കൊള്ളപ്പലിശയ്ക്ക് പണം കടമായി വാങ്ങുന്നതിനാൽ കിട്ടുന്ന വരുമാനം പലിശ അടയ്ക്കാൻപോലും മതിയാകാത്ത അവസ്ഥ
7. സ്ഥലത്തിന്റെ ഉയർന്ന വിപണിവില
8. സ്ഥലത്തിന്റെ ലഭ്യതക്കുറവ്
9. വ്യക്തിഗത ആസ്തികൾ സംരക്ഷിക്കാതിരിക്കുക
10. വർദ്ധിച്ച മദ്യപാനാസക്തി

**പരിഹാരമാർഗ്ഗങ്ങൾ:-**

1. ഭൂരഹിതർക്കും, ഭവനരഹിതർക്കും ഭൂമിയും വീടും നൽകേണ്ടതുണ്ട്.
2. പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് റിവോൾവിംഗ് ഫണ്ട് കുടുംബശ്രീ സംരംഭകർക്കു സംരംഭങ്ങൾ തുടങ്ങാൻ പലിശരഹിതമായി നൽകേണ്ടതുണ്ട്.
3. തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കണം.
4. തരിശുഭൂമി കൃഷിക്ക് യോഗ്യമാക്കുക. അതിൽ കൃഷിയിറക്കുന്നതിനുള്ള ധനസഹായവും നൽകേണ്ടതാണ്.
5. ആട്, പശു, കോഴി, കാട, താറാവ്, മുയൽ എന്നിവയുടെ വിതരണ പരിപാടികൾ ഏറ്റെടുക്കേണ്ടതുണ്ട്.
6. സ്ത്രീ പദവി ഉയർത്തുന്നതിനുള്ള സമഗ്ര പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.
7. വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി വർദ്ധിപ്പിക്കണം.

8. തൊഴിലുറപ്പു ദിനങ്ങൾ 100 ൽ നിന്ന് 150 ആക്കി വർദ്ധിപ്പിക്കണം.

## കുടിവെള്ളം – ശുചിത്വം:-

നമ്മുടെ പഞ്ചായത്തിൽ ജനുവരി മാസം മുതൽ ജൂൺ മാസം വരെ രൂക്ഷമായ കുടിവെള്ള ക്ഷാമമാണ് അനുഭവപ്പെടുന്നത്. നിലവിലുള്ള ജലസ്രോതസ്സുകളൊന്നും ഇക്കാലയളവിൽ ഫലപ്രദമല്ല. പൊതുകിണറുകൾ, സ്വകാര്യ കിണറുകൾ, കുഴൽ കിണറുകൾ തുടങ്ങിയവ വറ്റി വരളുന്നു. 40% ആൾക്കാർ കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ്. ഇവിടെ പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിക്കേണ്ടതുണ്ട്. ചെറിയ ചെറിയ കുടിവെള്ള പദ്ധതികളിലൂടെയും കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളിലൂടെയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിലൂടെ മാത്രമേ കുടിവെള്ളക്ഷാമം പരിഹരിക്കാനാകൂ.

നല്ല ജലസ്രോതസ്സുകൾ കണ്ടെത്തി അവിടെ പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിക്കണം. പുതിയ കുഴൽ കിണറുകൾ കുത്തുന്നതിന് നിയന്ത്രണമേർപ്പെടുത്തേണ്ടത് ആവശ്യമാണ്.

## വികസന സാദ്ധ്യതകൾ :-

ജലനിധിപോലുള്ള ഏജൻസികൾ വഴി ചെറുകിട പദ്ധതികൾ ആരംഭിക്കുകയും വാട്ടർ അതോറിറ്റിയിൽ നിന്നും ശുദ്ധീകരിച്ച വെള്ളം ടി പദ്ധതികൾ വഴി വിതരണം ചെയ്യേണ്ടതുമാണ്. വൻകിട പദ്ധതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ചെറുകിട പദ്ധതികൾ പൂർത്തീകരിക്കാൻ എളുപ്പമുള്ളതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

പദ്ധതിപ്പണം ഉപയോഗിച്ച് ജലസ്രോതസ്സുകൾ കണ്ടെത്തിയും, കിണർ റീ-ചാർജ് ചെയ്തും, പുതിയ ജല ഉപഭോഗ സംസ്ക്കാരത്തിലൂന്നിയും വരും വർഷങ്ങളിലെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാനാകും. ഹരിതകേരളം മിഷൻ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിൽ ഗുണകരമാകും.

## ചെറുകിട വ്യവസായം:-

ചെറുകിട വ്യവസായ സംരംഭങ്ങൾ വാഴൂർ ഗ്രാമപഞ്ചായത്തിൽ നാമമാത്രമേ ഉള്ളൂ. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കുടുംബശ്രീക്ക് സ്വയംതൊഴിൽ സഹായങ്ങളും മറ്റും നൽകി സമഗ്രമായ ഇടപെടൽ കൊണ്ടുപോലും ആശാവഹമായ പുരോഗതി ഉണ്ടായിട്ടില്ല എന്നതാണ് സത്യം. എന്റെ തൊഴിൽ എന്റെ അഭിമാനം ഒരു വർഷം ഒരു ലക്ഷം തൊഴിൽ സംരംഭം എന്നീ പദ്ധതികൾ പ്രയോജനപ്പെടുത്തി പുതിയ ചെറുകിട വ്യവസായ – വാണിജ്യ സംരംഭങ്ങൾ ആരംഭിക്കാൻ നമുക്ക് കഴിയണം.

# ഉപസംഹാരം

കേരളത്തിന്റെ സുസ്ഥിര വികസനമാണ് പതിനാലാം പഞ്ചവത്സരപദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ആ ലക്ഷ്യത്തിലേക്ക് വാഴൂരിനേയും നയിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കേരളത്തെ വൈജ്ഞാനിക സമൂഹമായി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയ്ക്കായി പരിവർത്തിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിനും നമുക്ക് ഏറെ സംഭാവന ചെയ്യാനാവും സാമൂഹിക നീതിയിൽ അധിഷ്ഠിതമായ വികസനം അതിന്റെ തുടർച്ച എന്നിവയും ഉറപ്പാക്കണം. പ്രാദേശിക സമ്പത്തിക വികസനം ഉറപ്പാക്കാൻ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. പാർശ്വവത്കൃത സമൂഹത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്നതാവണം നമ്മുടെ വികസന സമീപനം.

മേൽപറഞ്ഞ സമീപനത്തിന്റെ അന്തസത്ത ഉൾകൊണ്ട് വാഴൂരിന്റെ സവിശേഷ സാഹചര്യത്തിൽ ഈ ലക്ഷ്യങ്ങൾ കൈവരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതിനായി നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും എല്ലാ വിഭാഗം ജനങ്ങളുടേയും സഹായവും സജീവ പങ്കാളിത്തവും ഉണ്ടാവണമെന്ന് വാഴൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്കു വേണ്ടി സവിനയം അഭ്യർത്ഥിക്കുന്നു.

ഒപ്പ്

**വി.പി. റെജി**

പ്രസിഡന്റ്, വാഴൂർ ഗ്രാമപഞ്ചായത്ത്